# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM-P7/1547/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 26/10/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-KLM-P7/1547/2023 തീയ്യതി: 26/10/2023

## കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-12-2022 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2023 | 17-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-08-2023 | 17-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക് ജോൺ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.സിജാറാണി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.രാകേഷ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ശ്രീകുമാർ.എസ്സ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.റെജി കല്ലുംവിള | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിജയൻ.എം | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.മിനി.ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സജിതമോൾ.പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അനീഷ് ബഷീർ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.രാഗേഷ്.ആർ | വി.ഇ.ഒ- 2 | 01-04-2022 | 31-03-2023 |
| ശ്രീ.ബിജു.റ്റി.എസ് | വി.ഇ.ഒ- 1 | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷീല.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 09-01-2023 |
| ശ്രീമതി.രമ്യ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-01-2023 | 31-03-2023 |
| ശ്രീമതി.ഗ്രേസി തോമസ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.നൗഫിയ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ബിനു.റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീ.ബിജുകുമാർ.ആർ | അസി. സെക്രട്ടറി | 31-10-2022 | 31-03-2023 |
| ശ്രീമതി.ശോഭന | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 28-10-2022 |
| ശ്രീമതി.രാജലക്ഷ്മി.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ(ഇൻ-ചാർജ്ജ്) | 29-10-2022 | 13-12-2022 |
| ശ്രീമതി.നിഷ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 14-12-2022 | 31-03-2023 |
| ഡോ.മുഹമ്മദ് സദക്കത്തുള്ള | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 23-05-2022 |
| ഡോ.സ്മിത | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 24-05-2022 | 31-03-2023 |
| ശ്രീമതി.അജ്മി.എസ് | അക്രഡിറ്റഡ് എൻജിനീയർ,MGNREGS | 01-04-2022 | 31-07-2022 |
| ശ്രീ.മനോജ് | അക്രഡിറ്റഡ് എൻജിനീയർ,MGNREGS--ഇൻ ചാർജ്ജ് | 01-08-2022 | 24-08-2022 |
| ശ്രീമതി.അരുണിമ | അക്രഡിറ്റഡ് | 25-08-2022 | 31-03-2023 |

| | | | |
|---|---|---|---|
| | എൻജിനീയർ,MGNREGS | | |
| ഡോ. സൂസൻ ജോൺ കെ. | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-01 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-02 |
| 4 | പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല | 1-1-03 |
| 5 | മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാകാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-04 |
| 6 | വാർഷിക കണക്കിലെ തുകകളും വരവ് രേഖകൾ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-05 |
| 7 | വാർഷികകണക്കിലെ ചെലവ് തുക, സുലേഖ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല | 1-1-06 |
| 8 | വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല | 1-1-07 |
| 9 | വരവിനെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-08 |
| 10 | ലോൺ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ ആധികാരികത വ്യക്തമല്ല | 1-1-09 |
| 11 | ലെഡ്ജർ ബാലൻസും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-10 |
| 12 | സ്ഥാപനത്തിന് ഇല്ലാത്ത ബാങ്ക് അക്കൗണ്ടിലെ തുക നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-11 |
| 13 | ഹെൽത്ത് ഗ്രാന്റ് - യഥാർത്ഥ വരവ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ബഡ്ജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |

| | | |
|---|---|---|
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | ഗുണഭോക്തൃവിഹിതമായി പിരിച്ച തുക യഥാസമയം പഞ്ചായത്തിൽ ഒടുക്കിയില്ല. | 1-11 |
| 24 | വസ്തു നികുതി - ചെക്ക് മടങ്ങിയതിനാൽ വരവ് വന്നില്ല | 1-12 |
| 25 | ലൈസൻസ് പിരിവിലെ അപാകതകൾ | 1-13 |
| 26 | തൊഴിൽനികുതി ഈടാക്കുവാൻ അവശേഷിക്കുന്നു | 1-14 |
| 27 | പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു | 1-15 |
| 28 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം | 1-16 |
| 29 | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. | 1-17 |
| 30 | ടെണ്ടർ കുറവ് ബാധകമാക്കാതെ തുക നൽകി - അധിക ചെലവ് നിരാകരിക്കുന്നു | 1-18 |
| 31 | അധികം സബ്സിഡി അനുവദിച്ചു | 1-19 |
| 32 | മൂല്യനിർണ്ണയ സാക്ഷ്യപത്രമില്ലാതെ തുക അനുവദിച്ചു. ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 33 | പഠനമുറി നിർമ്മാണം പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-21 |
| 34 | സബ്സിഡി നിരക്കിൽ നിന്നും അധികം തുക നൽകി | 1-22 |
| 35 | ആർ-ട്രാക്കിനു തുക നൽകിയെങ്കിലും പ്രോജക്റ്റ് പൂർത്തീകരിച്ചില്ല | 1-23 |
| 36 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-24 |
| 37 | കരാർ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയില്ല | 1-25 |
| 38 | മരുന്നുകൾ/ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയില്ല | 1-26 |
| 39 | മുൻകൂർ നല്കിയ തുകകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 1-27 |
| 40 | കരാർ ജീവനക്കാർക്ക് ഒരു സാമ്പത്തിക വർഷം രണ്ട് തവണ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു. | 1-28 |
| 41 | വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പൂർത്തിയാക്കാൻ ശേഷിക്കുന്നു | 1-29 |
| 42 | വസ്തുനികുതി ഡിമാൻഡ് മുൻവർഷത്തേക്കാൾ കുറവ് | 1-30 |
| 43 | അഡ്വാൻസ് ക്രമീകരിക്കുന്നില്ല | 1-31 |
| 44 | വസ്തുനികുതി നിർണ്ണയിക്കാതെ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു | 1-32 |

| | | |
|---|---|---|
| 45 | ഉപയോഗക്രമം പരിഗണിക്കാതെ ലൈസൻസ് നൽകി | 1-33 |
| 46 | ഹരിതകർമ്മ സേന –വിവരശേഖരണം | 1-34 |
| 47 | തനത് വരുമാനം - അവലോകനം | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അധികം സബ്സിഡി അനുവദിച്ചു | 3-1 |
| 2 | സബ്സിഡി നിരക്കിൽ നിന്നും അധികം തുക അനുവദിച്ചു | 3-2 |
| 3 | ടെണ്ടർ കുറവ് ബാധകമാക്കാതെ തുക നൽകി - അധിക ചെലവ് നിരാകരിക്കുന്നു | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പാ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 28-06-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം അംഗീകരിച്ച് 28-6-23-ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-01 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്.

### 1-1-02 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ “Net Increase/decrease In Cash And Cash Equivalents” - (-25,65,548/-) രൂപയും Net Cash Generated By Operating + Investing + Financing Activity - 3,67,00,699/-രൂപയും ആണ്. മേൽ തുകകൾ തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്താനാവുന്നില്ല.

### 1-1-03 പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല

സി.എഫ്.സി. ഫണ്ട് നിക്ഷേപിച്ചിരിക്കുന്ന CANARA BANK A/C No-3582101009316 ന്റെ റീകൺസിലിയേഷൻ നടത്തി പത്രിക സൂക്ഷിച്ചിട്ടില്ല.

### 1-1-04 മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാകാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

കാനറാ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിന്റെ (3582101006729) 31-03-23 ലെ പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ പറയുന്ന മൂന്ന് മാസക്കാലയളവ് കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്കാക്കി ബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ചെക്ക് നം - 704079/14-12-22 – 4110/-രൂപ, 704048/14-12-22 – 2850/-രൂപ, 704095/23-12-22 – 1500/-രൂപ.

### 1-1-05 വാർഷിക കണക്കിലെ തുകകളും വരവ് രേഖകൾ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വസ്തു നികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡി.സി.ബി. പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-06 വാർഷികകണക്കിലെ ചെലവ് തുക, സുലേഖ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല

A) വികസന ഫണ്ട് -ജനറൽ, എസ്.സി.പി, സി.എഫ്.സി. എന്നീ ഫണ്ടുകളുടെ സാംഖ്യാ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ആകെ ചെലവ് തുക വാർഷിക ധനകാര്യ പത്രികയിലെ ആകെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | എ.എഫ്.എസ്. പ്രകാരം (₹) | എ.സി.ആർ. പ്രകാരം (₹) |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 2,06,14,184/- | 2,09,52,709/- |
| വികസനഫണ്ട്-എസ്.സി.പി. | 1,58,25,018/- | 1,59,57,018/- |
| സി.എഫ്.സി.-ബേസിക് ഗ്രാന്റ് | 37,02,996/- | 36,10,260/- |
| സി.എഫ്.സി.-റൈറ്റഡ് ഗ്രാന്റ് | 37,85,464/- | 38,10,664/- |

B) സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക വാർഷിക ധനകാര്യ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | എ.എഫ്.എസ് പ്രകാരം (₹) | സുലേഖ ചെലവ് പത്രിക പ്രകാരം (₹) |
|---|---|---|
| സി.എഫ്.സി. | 74,88,460/- | 72,91,524/- |

C) വി.ഇ.ഒ. നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പദ്ധതികളിലെ യഥാർത്ഥ ചെലവ് തുക സുലേഖ ചെലവ് പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1) പ്രോജക്റ്റ് നം. - 41 – ലൈഫ് ഭവന നിർമ്മാണം (എസ്.സി.)

ലോൺ ചെലവ് - 24,20,000/-രൂപ

സുലേഖ പ്രകാരം - 12,80,000/-രൂപ

2) പ്രോജക്റ്റ് നം. - 47/23 ഭവന നിർമ്മാണം (ജനറൽ) പ്രകാരം ലോൺ തുകയിൽ നിന്നും സംസ്ഥാന വിഹിതത്തിൽ നിന്നും 20 ലക്ഷം രൂപ വീതം ചെലവ് വന്നിട്ടുള്ളത് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

3) പ്രോജക്റ്റ് നം. -115/23, ടോയ്‌ലറ്റ് മെയിന്റനൻസിനായി കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും നടത്തിയ യഥാർത്ഥ ചെലവ് 2,03,280/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ ചെലവ് 1,38,600/-രൂപയാണ്.

4) സംയുക്ത ശിശു വികസന പദ്ധതിയുടെ ചെലവിനത്തിൽ 14,48,159/-രൂപ തൻവർഷം ചെലവുണ്ട്. എന്നാൽ I-6 പത്രികയിൽ 160100907 ശീർഷകത്തിൽ 1114969/-രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-1-07 വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

## 1-1-08 വരവിനെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

1) RP-30 പത്രികയിൽ 320200399 ശീർഷകത്തിൽ 6,13,528/-രൂപ വരവായി ഉൾപ്പെടുത്തിയിരിക്കുന്നത് ഏത് ഇനത്തിലുള്ള വരവാണെന്ന് വ്യക്തമല്ല.

2) ബി-4 പത്രികയിൽ 320100198 മുതൽ 320800199 വരെയുള്ള ശീർഷകത്തിൽ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

3) എൽ.ജി.റ്റി.എസ്.ബി. അക്കൗണ്ടിൽ 06-04-22 ൽ 43,996/-രൂപ വരവ് വന്നിട്ടുള്ളത് ഏതിനത്തിൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി എന്ന് വ്യക്തമല്ല.

## 1-1-09 ലോൺ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ ആധികാരികത വ്യക്തമല്ല

തൻവർഷം KURDFC ലോൺ വരവ് 1,64,20,000/-രൂപയും സ്റ്റേറ്റ് വിഹിതം 30,00,000/-രൂപയും ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ RP-31 പത്രികയിൽ 1,94,20,000/-രൂപയും ലോൺ വരവായി ഉൾപ്പെടുത്തിയിരിക്കുന്നു. (വിശദാംശം ഖണ്ഡിക 4-5 ൽ ഉൾപ്പെടുത്തിയിരിക്കുന്നത് കാണുക).

### 1-1-10 ലെഡ്ജർ ബാലൻസും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

### 1-1-11 സ്ഥാപനത്തിന് ഇല്ലാത്ത ബാങ്ക് അക്കൗണ്ടിലെ തുക നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നു

വാർഷിക ധനകാര്യ പത്രിക RP- 40(a), RP- 40(b) പ്രകാരം 450210101 എന്ന ശീർഷകത്തിൽ "Nationalised Bank Account Of Own Revenue Fund" ആയി 1,32,171/-രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇങ്ങനെയൊരു തുക ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി കാണുന്നില്ല.

### 1-1-12 ഹെൽത്ത് ഗ്രാന്റ് - യഥാർത്ഥ വരവ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

നാഷണൽ ഹെൽത്ത് മിഷൻ ഗ്രാന്റ് ഇനത്തിൽ തൻവർഷം ആകെ വരവ് 80,895/-രൂപയാണ്. എന്നാൽ RP-30 പത്രികയിൽ 320100139 ശീർഷകത്തിൽ വരവായി ഉൾപ്പെടുത്തിയിരിക്കുന്നത് 1,04,239/-രൂപയാണ്.

## 1-2 ബഡ്ജറ്റ്

2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റ് 24/03/2022 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,80,16,872/-രൂപ |
| വരവ് | 8,28,69,065/-രൂപ |
| ആകെ | 12,08,85,937/-രൂപ |
| ചെലവ് | 8,54,34,613/-രൂപ |
| നീക്കിയിരിപ്പ് | 3,54,51,324/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 42,816/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22,94,506/-രൂപ |

വാർഷിക ധനകാര്യ പത്രികയിലെ RP പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ആകെ, ചെലവ്, നീക്കിയിരിപ്പ് തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഉൾപ്പെടാത്ത തൻവർഷം ലഭിച്ച ഗ്രാന്റുകളുടെ വിശദാംശങ്ങൾ ഖണ്ഡിക 1-4ൽ ഫണ്ട് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21264210/- | 21264210/- | 20614184/- | 650026/- |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 15968000/- | 15968000/- | 15825018/- | 142982/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി) | 0 | 870447/- | 870447/- | 559059/- | 311388/- |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ബാങ്ക്) | 1130996/- | 4431447/- | 5562443/- | 3051201/- | 2511242/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് (ട്രഷറി) | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് (ബാങ്ക്) | 3247860/- | 6307000/- | 9554860/- | 3810664/- | 5744196/- |
| മെയിന്റനൻസ്, റോഡ് | 0 | 13692000/- | 13692000/- | 2847831/- | 10844169/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7464000/- | 7464000/- | 6824297/- | 639703/- |
| MGNREGS | 799/- | 1281702/- | 1282501/- | 1185137/- | 97364/- |
| ICDS | 1048833/- | 2229938/- | 3278771/- | 2163802/- | 1114969/- |
| ശുചിത്വമിഷൻ | 2679005/- | 0 | 2679005/- | 0 | 2679005/- |
| നാഷണൽ ഹെൽത്ത് മിഷൻ | 0 | 80895/- | 80895/- | 0 | 80895/- |
| നാഷണൽ റൂറൽ ഹെൽത്ത് മിഷൻ | 0 | 210306/- | 210306/- | 0 | 210306/- |

1) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള സി.എഫ്.സി. റൈഡ്, അൺറൈഡ് ഫണ്ടുകളുടെ നീക്കിബാക്കി ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് വരുത്തുന്ന വിവിധ നികുതികൾ സാമ്പത്തിക വർഷത്തിൽ അക്കൗണ്ടിൽ നിന്നും കുറവ് വരാതിരിക്കുന്നതാണ് വ്യത്യാസത്തിനുള്ള കാരണം. ബാങ്ക് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുത്തൽ പത്രിക ലഭ്യമല്ലാത്തതിനാൽ വ്യത്യാസമുള്ള തുകയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല. ബാങ്ക് പാസ് ബുക്കിന്റെ അടിസ്ഥാനത്തിലാണ് നീക്കിബാക്കി ചേർത്തിരിക്കുന്നത്.

2) ഐ.സി.ഡി.എസ്. – കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുമുള്ള തൻവർഷത്തെ ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരം 14,48,159/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 21,63,802/-രൂപയാണ് ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

3) നാഷണൽ ഹെൽത്ത് മിഷൻ ഗ്രാന്റിനത്തിൽ തൻവർഷത്തെ വരവ് 80,895/-രൂപയാണ്. എന്നാൽ RP-30 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 1,04,239/-രൂപയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 226 | 301864743/- | 121 | 104044395/- | 23 | 82 | 53.53 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 799/- | 1281702/- | 1282501/- | 1185137/- | 97364/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 37927137/- | 37927137/- | 37927137/- | - |

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. ആകെ വരവായി ഉൾപ്പെടുത്തിയിരിക്കുന്ന തുകയിൽ അഡ്മിനിസ്ട്രേറ്റീവ് വരവ് ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 16,78,000/- |
| വിധവാപെൻഷൻ | 1,92,52,200/- |
| വാർദ്ധക്യകാലപെൻഷൻ | 2,94,19,600/- |
| വികലാംഗപെൻഷൻ | 57,94,600/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 5,12,800/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 3,60,000/- |
| തൊഴിലില്ലായ്മ വേതനം | 81,720/- |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2023 - 4.00PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹38,542/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ഐ.എൽ.ജി.എം.എസ് രസീതി നൽകി സ്വീകരിക്കുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുന്നുണ്ട്.
പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യത പരിശോധിക്കേണ്ടതാണ്.
ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൃത്യതയുള്ളതും കാലികവുമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ഇല്ല | ഇല്ല | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.05.2022 | 10/2021 മുതൽ 3/2022 വരെ | 02/07/2022 |

## 1-11 ഗുണഭോക്തൃവിഹിതമായി പിരിച്ച തുക യഥാസമയം പഞ്ചായത്തിൽ ഒടുക്കിയില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി 12654-ാം നമ്പർ രസീത് ബുക്ക് ഉപയോഗിച്ചിട്ടുണ്ട്. ഈ രസീത് ബുക്ക് ഉപയോഗിച്ച് 20-12-2022 മുതൽ ഗുണഭോക്തൃവിഹിതമായി പിരിച്ച തുക 16.01.2023 ൽ മാത്രമാണ് പഞ്ചായത്തിൽ ഒടുക്കിയത്. കെ.എഫ്.സി. വോല്യം I ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പിരിച്ച തീയതി | രസീത് നമ്പർ | തുക (₹) |
|---|---|---|---|
| 1 | 20/12/2022 | 1 മുതൽ 16 വരെ | 20,000/- |
| 2 | 21/12/2022 | 17 മുതൽ 38 വരെ (39 ക്യാൻസൽ) | 27,500/- |
| 3 | 22/12/2022 | 40 മുതൽ 51 വരെ | 15,000/- |
| 4 | 9/1/2023 | 52 മുതൽ 71 വരെ | 1,025/- |
| 5 | 13/1/2023 | 72 മുതൽ 79 വരെ | 7,600/- |
| 6 | 16/1/2023 | 80 മുതൽ 95 വരെ | 6,950/- |
| ആകെ | | | 78,075/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് 20-12-2022 മുതൽ 29-12-2022 വരെ നടന്നതിനാലാണ് തുക അടവാക്കാൻ സാധിക്കാതിരുന്നത് എന്നാണ് പറയുന്നത്. ഈ മറുപടി അംഗീകരിക്കുന്നില്ല. ഇത്തരം അപാകത ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. : 6/2023 തീയതി 11.03.2023.

## 1-12 വസ്തു നികുതി - ചെക്ക് മടങ്ങിയതിനാൽ വരവ് വന്നില്ല

ഇളമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 3 ൽ കെട്ടിടനമ്പർ 214 ന്റെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതിയായ 74,813/- രൂപ (ചെക്ക് നമ്പർ 425626, തീയതി 31.03.2023 ധനലക്ഷമി ബാങ്ക്) കെട്ടിടയുടമയായ ശ്രീ. രതീഷ് കുമാർ 31-03-2023-ലെ രസീത് നമ്പർ 1220300254 പ്രകാരം ഒടുക്കിയതായി അന്നേ ദിവസത്തെ ഡേ ബുക്കിന്റെ ബാങ്ക് കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെക്ക് മടങ്ങിയതിനാൽ ഈ തുക നാളിതുവരെ ബാങ്കിൽ വരവ് വന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ചെക്ക് മടങ്ങിയ സാഹചര്യത്തിൽ വസ്തുനികുതിയിനത്തിലെ 74,813/- രൂപ വരവ് നഷ്ടമായി കണക്കാക്കുന്നു. വസ്തു നികുതിയായ 74,813/-രൂപ പിഴപ്പലിശ ഉൾപ്പെടെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. : 21/2023 തീയതി 17.08.2023.

## 1-13 ലൈസൻസ് പിരിവിലെ അപാകതകൾ

കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് യഥാസമയം പുതുക്കുന്നില്ല

2021-22 സാമ്പത്തിക വർഷം 700 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിരുന്നു. ഇവയിൽ 22 സ്ഥാപനങ്ങൾ മാത്രമാണ് അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ ഫീസ് അടവാക്കി ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്തധികൃതർ സ്വീകരിക്കേണ്ടതാണ്.

2) റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 1-ലെ ക്രമ നം-149 പ്രകാരം റീട്ടയിൽ റേഷൻഡിപ്പോകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. എല്ലാ റേഷൻകടകളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

## 1-14 തൊഴിൽനികുതി ഈടാക്കുവാൻ അവശേഷിക്കുന്നു

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

(1) 2022-23 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി

ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ എണ്ണം | അർദ്ധ വർഷം |
|---|---|---|---|
| 1 | ചിന്നൂസ് ജ്വവലറി, മുക്കട | 4 | 1 & 2 |
| 2 | ചിന്നൂസ് ജ്വവലറി, ആശുപത്രി മുക്ക് | 13 | 1 & 2 |
| 3 | പാറൂസ് കളക്ഷൻസ് | 7 | 1 & 2 |

മുകളിൽ പറഞ്ഞ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരേയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. : 24/17.08.2023.

## 1-15 പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്സ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി 10 ശതമാനം നികുതി ഇളവ് നൽകി. 2011 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വീതീയ, തൃതീയ മേഖലകളാക്കി തിരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് നികുതിയിളവോ വർദ്ധനവോ ഇല്ല. ദ്വിതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 10 ശതമാനവും, തൃതീയമേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനവും നികുതിയിളവ് അനുവദിക്കാവുന്നതാണ്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വീതീയ, തൃതീയ മേഖലകളാക്കി തിരിച്ച് 17-10.2011 ലെ കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വിജ്ഞാപനപ്രകാരം പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടങ്ങൾക്കും ദ്വിതീയ മേഖലയിലാണ് സ്ഥിതിചെയ്യുന്നതെന്ന് രേഖപ്പെടുത്തി 10 ശതമാനം നികുതിയിളവ് നൽകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം ച. മീറ്റർ | ഉപയോഗ ക്രമം | നികുതി നിരക്ക് (₹) (ച. മീ. ന്) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (₹) | ദ്വിതീയമേഖല അടിസ്ഥാനത്തിൽ 10 ശതമാനം കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹) |
|---|---|---|---|---|---|---|---|---|
| 1 | 3 | 1169 | ശ്രീ. ലെനിൻ | 170 | വാണിജ്യം | 60/- | 10,200/- | 1,020/- |
| 2 | 3 | 1170 | ശ്രീ. ലെനിൻ | 170 | വാണിജ്യം | 60/- | 10,200/- | 1,020/- |
| 3 | 3 | 1171 | ശ്രീ. ലെനിൻ | 187.73 | വാണിജ്യം | 60/- | 11,263/- | 1,126/- |
| ആകെ | | | | | | | | 3,166/- |

വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.
എൻക്വയറി നം. – 15/14-08-2023.

## 1-16 വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി

നിർണ്ണയിച്ചതു മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ വലിയ കുറവുണ്ടായിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ (അച്ചടി) 19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും 17-11-2011 ലെ കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മീ. | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 50/-രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 60/-രൂപ നിരക്കിൽ) | അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹) |
|---|---|---|---|---|---|---|
| 1 | 10/1217 | ശ്രീമതി. ജെസ്സികുര്യൻ | 43.45 | 2,172/- | 2,607/- | 435/- |
| 2 | 10/1218 | ശ്രീമതി. ജെസ്സികുര്യൻ | 40.45 | 2,022/- | 2,427/- | 405/- |
| 3 | 10/1219 | ശ്രീമതി. ജെസ്സികുര്യൻ | 10.13 | 506/- | 607/- | 101/- |
| 4 | 10/1220 | ശ്രീമതി. ജെസ്സികുര്യൻ | 74.81 | 3,740/- | 4,488/- | 748/- |
| 5 | 10/1221 | ശ്രീമതി. ജെസ്സികുര്യൻ | 18 | 900/- | 1,080/- | 180/- |
| 6 | 4/1021 | ശ്രീ. അലക്സാണ്ടർ ഗീവർഗ്ഗീസ് | 63.86 | 3,193/- | 3,831/- | 638/- |
| 7 | 4/1022 | ശ്രീ. അലക്സാണ്ടർ ഗീവർഗ്ഗീസ് | 68.51 | 3,425/- | 4,110/- | 685/- |
| 8 | 4/1023 | ശ്രീ. അലക്സാണ്ടർ ഗീവർഗ്ഗീസ് | 7.28 | 364/- | 436/- | 72/- |
| | | ആകെ | | | | 3,264/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/14.08.2023) നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ

നിന്നും ഒഴിവാക്കുന്നു. 2011 ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് 20 ശതമാനം നികുതി വർദ്ധനവ് വരുത്തേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്തെ റോഡുകളെ ഇനം തിരിച്ച് 17-12.2011 ലെ കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മീ | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (₹) (60 രൂപ/ച.മി) | 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹) |
|---|---|---|---|---|---|
| 1 | 989 | ശ്രീ. മുഹമ്മദ് ഷെരീഫ് | 243.09 | 14585/- | 2917/- |

ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം മേൽ കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിന് സ്ഥലപരിശോധന നടത്തി നടപടി സ്വീകരിക്കുമെന്ന് എൻക്വയറിയ്ക്ക് (നം. 13/14-08-2023) മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18 ടെണ്ടർ കുറവ് ബാധകമാക്കാതെ തുക നൽകി - അധിക ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് നം. – 169/23, ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി.

ഫണ്ട് അടങ്കൽ – 2,50,000/-രൂപ, തനത് ഫണ്ട്.

ചെലവ് -1,11,557/-രൂപ, ചെക്ക് നം – 22376/31.03.2023.

നിർവ്വഹണം – സെക്രട്ടറി.

ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഹൈമാസ്റ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുക എന്ന ലക്ഷ്യത്തിൽ നടപ്പിലാക്കിയതാണ് ഈ പദ്ധതി. പ്രവൃത്തിക്ക് വേണ്ടി നടത്തിയ ടെണ്ടറിൽ L1 നിരക്ക് (35% എസ്റ്റിമേറ്റിൽ കുറവ്) രേഖപ്പെടുത്തിയ കരാറുകാരൻ കരാറിൽ ഏർപ്പെടാതിരുന്നതു മൂലം റീ ടെണ്ടർ ചെയ്തു. ആദ്യ ടെണ്ടറിൽ 17% എസ്റ്റിമേറ്റിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയിരുന്ന ശ്രീ. സോമശേഖരൻ പിള്ള എന്ന കരാറുകാരൻ മാത്രം റീ ടെണ്ടറിൽ പങ്കെടുക്കുകയും 2.32% കുറവ് നിരക്ക് രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് ആദ്യ ടെണ്ടറിൽ ശ്രീ. സോമശേഖരൻപിള്ള രേഖപ്പെടുത്തിയിരുന്ന 17% കുറവ് നിരക്കിൽ പ്രവൃത്തി ചെയ്യാൻ ടി വ്യക്തിയുമായി നെഗോസിയേഷൻ നടത്താൻ 12/01/23 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(1) തീരുമാന പ്രകാരം 16-01-23 ൽ B2-8182/22 പ്രകാരം കത്ത് നൽകി. നെഗോസിയേഷനെ തുടർന്ന് എസ്റ്റിമേറ്റ് തുകയിൽ നിന്നും 17% കുറവ് നിരക്കിൽ പ്രവൃത്തി ചെയ്യാൻ 24/01/23 ൽ 4/23 നമ്പറായി ശ്രീ. സോമശേഖരൻ പിള്ളയുമായി കരാറിലേർപ്പെട്ടു.

ഇളമ്പള്ളൂർ-ആല്യംമൂട് ജംഗ്ഷനിലെ ഹൈമാസ്റ്റ് മെയിന്റനൻസിനായി 1,07,267/-രൂപയും എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, ബില്ല് തയ്യാറാക്കൽ എന്നിവയ്ക്കായി എസ്റ്റിമേറ്റ് തുകയുടെ 3% തുകയായ 3,218/-രൂപയും, സാങ്കേതികാനുമതി റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി എസ്റ്റിമേറ്റ് തുകയുടെ 1% തുകയായ 1,072/-രൂപയും 12% ജി.എസ്.ടി.യും ഉൾപ്പെടെ 1,25,000/-രൂപയാണ് അടങ്കൽ തുകയായി വകയിരുത്തിയിരുന്നത്.

എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് 17% ടെണ്ടർ കുറവ് വരുത്താതെയാണ് തുക ബിൽ തയ്യാറാക്കി കരാറുകാരന് നൽകിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം - 1,07,267.04 (എം-ബുക്ക് നം- 125/22-23, (പേജ് നം- 1 മുതൽ 7 വരെ))

കരാറുകാരന് നൽകേണ്ടിയിരുന്ന തുക

(17% നിരക്ക് കുറവ് വരുത്തി) - 89031.64 രൂപ (107267.04-18235.39)

കരാറുകാരന് നൽകിയ തുക – 107267/-രൂപ

അധികം നൽകിയ തുക - 18236/-രൂപ

ബിൽ തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റ് നിരക്കിന്റെ 3% തുക ചാർജ്ജായി നൽകിയിട്ടും ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടപ്പോൾ പദ്ധതി പ്രകാരം രണ്ട് ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി നടത്തുന്നതിനാണ് അടങ്കൽ വകയിരുത്തിയിരുന്നതെന്നും രണ്ടാമത്തെ പ്രവൃത്തിയുടെ ബിൽ തുക നൽകുമ്പോൾ ആദ്യ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തി ടെണ്ടർ കുറവ് വരുത്തുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിലവിൽ ടെണ്ടർ കുറവ് വരുത്തിയിട്ടില്ലാത്തതിനാൽ അധികമായി നൽകിയ 18,236/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. 18,236/- രൂപ തിരിച്ചടച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ് (ഖണ്ഡിക 3-3 കാണുക).

ഓഡിറ്റ് എൻക്വയറി നം. : 05/ 11-08-2023.

നിരാകരിച്ച തുക – 18,236/-രൂപ

## 1-19 അധികം സബ്സിഡി അനുവദിച്ചു

പ്രോജക്ട് നം – 192/23 (പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്)

ഫണ്ട് അടങ്കൽ – 12,00,000/- രൂപ (9,00,000/- വികസന ഫണ്ട് - എസ്.സി.പി; 3,00,000/- തനത് ഫണ്ട്)

ചെലവ് തുക – 10,15,000/-രൂപ (9,00,000/-വികസന ഫണ്ട് - എസ്.സി.പി; 1,15,000/- തനത് ഫണ്ട്)

ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ചെലവ് നടത്തിയ (ബിൽ നം. 13/ 22- 23/31-03-2023)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം എഞ്ചിനീയറിംഗ്, മറ്റ് പ്രൊഫഷണൽ ബിരുദ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട 25,000/-രൂപയുടെ സ്കോളർഷിപ്പ് കൈപ്പറ്റിയ ശ്രീമതി. അശ്വതി എസ്. എസ്. (അശ്വതി ഭവൻ, പ്ലാവിള പടിഞ്ഞാറ്റതിൽ, പെരുമ്പുഴ പി.ഒ, പെരുമ്പുഴ – വാർഡ് 13) എന്ന ഗുണഭോക്താവ് ഡി-ഫാം വിദ്യാർത്ഥിനിയാണ്. സർക്കാർ ഉത്തരവ് (കൈ) നം-115/2022/ത.സ്വ.ഭ.വ. തീയതി 28-05-2022 ഖണ്ഡിക 7.2.4 പ്രകാരം "പ്ലസ് ടു വിന് ശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾ പഠിക്കുന്നവർക്ക് 15,000/-" രൂപയാണ് സ്കോളർഷിപ്പ് ആയി നൽകേണ്ടത്. സബ്സിഡി മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന തുകയിൽ നിന്നും വ്യതിചലിച്ച് ചെലവ് നടത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ എൻക്വയറി മുഖേന ആശ്യപ്പെട്ടപ്പോൾ അധികമായി നൽകിയ 10,000/-രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം മറികടന്ന് അധികമായി നൽകിയ 10,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതാണ് (ഖണ്ഡിക 3-1 കാണുക).
ഓഡിറ്റ് എൻക്വയറി നം. : 3/11.08.2023.

## 1-20 മൂല്യനിർണ്ണയ സാക്ഷ്യപത്രമില്ലാതെ തുക അനുവദിച്ചു. ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം – 88/23, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി.
നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി.
ഫണ്ട് അടങ്കൽ – വികസനഫണ്ട് - എസ്.സി.പി. (4,75,000/-രൂപ).
തനത് ഫണ്ട് - 8,00,000/-രൂപ.
ചെലവ് - വികസനഫണ്ട്- എസ്.സി.പി. (4,75,000/-രൂപ).
(ബിൽ നം. 3/22-23/11.05.2022 – 375000/-രൂപ,
ബിൽ നം. 4/22-23/21.05.2022 – 100000/-രൂപ)
തനത് ഫണ്ട് - 5,00,000/-രൂപ.

(JF6799045/20.05.2022 – 200000/-രൂപ,
JF6799052/04.07.2022 – 150000/-രൂപ,
097272/30.03.2023 – 150000/-രൂപ)

മേൽ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മിച്ച പഠനമുറികളുടെ രണ്ടാമത്തെയും

അവസാനത്തെയും ഘട്ടങ്ങളിലെ മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് (കൈ) നം-115/2022/ത.സ്വ.ഭ.വ. തീയതി 28-05-2022 ഖണ്ഡിക 7.2.13 പ്രകാരം പഠനമുറിയ്ക്ക് നൽകാവുന്ന പരമാവധി ധനസഹായം 2 ലക്ഷം രൂപയാണ്. 50,000/-രൂപ മുൻകൂറായി നൽകാം. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75,000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായാണ് തുടർന്നുള്ള ആനുകൂല്യം അനുവദിക്കേണ്ടത്. എന്നാൽ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെയാണ് അവസാന ഗഡു അനുവദിച്ചത്. അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/വിലാസം | 2022-23 ൽ കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | ശ്രീമതി സുജാത കെ. / അശ്വതി, അശ്വതി ഭവനം, പുനുക്കന്നൂർ | 75,000/- അവസാന ഗഡു |
| 2 | ശ്രീമതി സിന്ധു/അഹല്യ എസ്, പൊങ്ങവിള വീട്, പുനുക്കന്നൂർ.പി.ഒ, ആല്യംമൂട് | 75,000/- അവസാന ഗഡു |
| 3 | ശ്രീ. സനുതമ്പി/അനുഷ, പേരൂർപൊയ്ക, അമ്പിപൊയ്ക പി.ഒ, ഇളമ്പള്ളൂർ | 75000/- അവസാന ഗഡു |
| 4 | ശ്രീ. ഉദയകുമാർ/അഞ്ജലി, വാഴവിള വീട്, പെരുമ്പുഴത്താഴം, ഇളമ്പള്ളൂർ | 75000/- രണ്ടാം ഗഡു |
| 5 | ശ്രീ. ഉണ്ണി എ/സഞ്ജയ് യു, പ്ലാങ്കാലയിൽ, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ, ഇളമ്പള്ളൂർ | 75000/- അവസാന ഗഡു |
| 6 | ശ്രീ. രാഗേന്ദു/വൈഷ്ണവി, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ. | 1)75000/- രണ്ടാം ഗഡു<br>2)75000/-അവസാന ഗഡു |
| 7 | ശ്രീമതി ഷൈലജ റ്റി/ഷിജ്ജു നകുലൻ, ഷിനു ഭവനം, പുനുക്കന്നൂർ, പെരുമ്പുഴ.പി.ഒ | 1) 75000/- രണ്ടാം ഗഡു<br>2)75000/- അവസാന ഗഡു |
| 8 | ശ്രീ. കെ. മധു/സുധീഷ്മ, ചരുവിള പുത്തൻവീട്, പെരുമ്പുഴ, കൊല്ലം | 75000/- അവസാന ഗഡു |
| | ആകെ | 7,50,000/- |

മൂല്യനിർണ്ണയ സാക്ഷ്യപത്രമില്ലാതെ തുക അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ നടത്തിയ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മൂല്യ നിർണ്ണയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 03 /11-08-2023.

തടസ്സപ്പെടുത്തിയ തുക - 7,50,000/-രൂപ.

## 1-21 പഠനമുറി നിർമ്മാണം പ്രവൃത്തി പൂർത്തീകരിച്ചില്ല

2020-21 സാമ്പത്തിക വർഷം പഠനമുറി നിർമ്മാണത്തിനായി കരാർ വെച്ച് ആനുകൂല്യം കൈപ്പറ്റിയവരിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല. പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് അർഹമായ നിരക്ക് 2,00,000/-രൂപയാണ്. 2021-22 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-16(b) യിൽ പരാമർശിച്ചിട്ടുള്ള ടി വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ റെവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനുവദിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ശ്രീമതി. സുജാകുമാരി/അനുജ.എസ്, പൊയ്കയിൽ വീട്, പെരുമ്പുഴത്താഴം, ഇളമ്പള്ളൂർ | 2021-22 സാമ്പത്തിക വർഷത്തിൽ 1,25,000/-രൂപ കൈപ്പറ്റി |
| ശ്രീ. കെ മധു/സുധീഷ്മ, ചരുവിള പുത്തൻ വീട്, പുനുക്കന്നൂർ, പെരുമ്പുഴ, കൊല്ലം | 2021-22 സാമ്പത്തിക വർഷത്തിൽ 50,000/-രൂപയും 2022-23 വർഷത്തിൽ 75,000/- രൂപയും കൈപ്പറ്റി |

തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. - 03/11-08-2023.

## 1-22 സബ്സിഡി നിരക്കിൽ നിന്നും അധികം തുക നൽകി

പ്രോജക്റ്റ് നം. 92/23 – കാലിത്തീറ്റ സബ്സിഡി (സ്പിൽ ഓവർ)

ഫണ്ട് – വികസനഫണ്ട് (ജനറൽ), 2,64,328/-രൂപ.

ചെലവ് – 2,57,650/-രൂപ

ബിൽ നം -1) 2/22-23/27-05-22 - 76075/-രൂപ, 2) 1/22-23/27-05-22 - 1,81,575/-രൂപ.

ഡയറി ഫാം ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കാലിത്തീറ്റ സബ്സിഡി എന്ന പദ്ധതിയിൽ ഗുണഭോക്താക്കളായ ക്ഷീരകർഷകർക്ക് കാലിത്തീറ്റ അനുവദിക്കുമ്പോൾ കാലിത്തീറ്റ വിലയുടെ 50 ശതമാനം ക്ഷീരസംഘങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതായിരുന്നു പദ്ധതി. എന്നാൽ ക്ഷീരസംഘങ്ങൾ സമർപ്പിച്ച കാലിത്തീറ്റ വാങ്ങിയ ബില്ലിലെ തുകയുടെ 50 ശതമാനത്തേക്കാൾ കൂടിയ തുകയാണ് സബ്സിഡിയായി അനുവദിച്ചത്. വിശദവിവരം താഴെ കൊടുക്കുന്നു.

1. കുണ്ടറ ക്ഷീരോത്പാദക സഹകരണ സംഘം ക്ഷീരകർഷകർക്ക് കേരള ഫീഡ്സ് എലൈറ്റ് കാലിത്തീറ്റ അനുവദിച്ചതിന് ബാഗ് ഒന്നിന് 1,345/-രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ സ്ഥാപനം സമർപ്പിച്ച കേരള ഫീഡ്സിന്റെ ഇൻവോയ്സുകൾ/ ബില്ലുകൾ പ്രകാരം ഈ കാലിത്തീറ്റ ഇനത്തിന് ബാഗ് ഒന്നിന്റെ വില 1,237/-രൂപ മാത്രമാണ്. ആയത് പ്രകാരം ബാഗ് ഒന്നിന്റെ സബ്സിഡി തുകയായി അനുവദിക്കാവുന്നത് 618.5/-രൂപ മാത്രമാണ്. എന്നാൽ ക്ഷീരസംഘം സബ്സിഡിയിനത്തിൽ 672.5/-രൂപ നിരക്കിൽ ഡിമാന്റ് ചെയ്യുകയും നിർവ്വഹണ ഉദ്യോഗസ്ഥ തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തീയതി | ചെലവ് തുക | അനുവദിച്ച സബ്സിഡി (₹) | അനുവദനീയമായ സബ്സിഡി (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|
| KFLPI-21-22-053936/ 01-03-22, | 170 എണ്ണം ബാഗിന് 1237/-രൂപ നിരക്കിൽ 2,10,290/-രൂപ | 1,14,325/- | 1,05,145/- | 9,180/- |
| KFLPI-21-22-056648/ 15-03-22, | 100 എണ്ണം ബാഗിന് 1237/-രൂപ നിരക്കിൽ 1,23,700/-രൂപ | 67,250/- | 61,850/- | 5,400/- |
| | | | ആകെ | 14,580/- |

അനുവദനീയമായ സബ്സിഡി നിരക്കിൽ നിന്നും അധികമായി 14580/- രൂപ അനുവദിച്ചതിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടപ്പോൾ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ തങ്ങളുടെ ലാഭം കൂടി കണക്കാക്കിയാണ് സബ്സിഡി ഈടാക്കുന്നത് എന്ന് മറുപടി ലഭ്യമാക്കി. ക്ഷീരോത്പാദക സഹകരണ സംഘങ്ങൾക്കുള്ള ലാഭവിഹിതം കൂടി ഉൾപ്പെട്ട വിലയ്ക്കാനുപാതികമായി സബ്സിഡി നൽകുന്നത് അനുവദനീയമല്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. സബ്സിഡി ഇനത്തിൽ അധികം അനുവദിച്ച തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 18/17-08-2023.
നിരാകരിച്ച തുക – 14,580/-രൂപ.

## 1-23 ആർ-ട്രാക്കിനു തുക നൽകിയെങ്കിലും പ്രോജക്റ്റ് പൂർത്തീകരിച്ചില്ല

അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി 2021-22 വർഷം വിഭാവനം ചെയ്ത പ്രോജക്റ്റിന് (നം. 194/22) തനതുഫണ്ടിൽ നിന്നും ₹63,000/- അടങ്കൽ നിശ്ചയിച്ചിരുന്നെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. തുടർന്ന് 2022-23 വർഷം പ്രോജക്റ്റ് (നം. 78/23) സ്പിൽ ഓവറാക്കി ₹63,000/- തനതുഫണ്ടിൽ നിന്നും അടങ്കൽ വകയിരുത്തുകയും 25,200/- രൂപ ചെലവഴിക്കുകയും ചെയ്തു (ചെക്ക് നം. 754197/2.6.2022).

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ 1 മുതൽ 21 വരെ വാർഡുകളിലെ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് ആർ-ട്രാക്ക് ആപ്പിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ് വാർഡൊന്നിന് 3,000/-രൂപ ക്രമത്തിൽ 63,000/-രൂപ വകയിരുത്തിയത്. ഒരു വാർഡിന് 1,200/-രൂപ ക്രമത്തിൽ 21 വാർഡുകൾക്കായി 25,200/-രൂപയാണ് ചെലവഴിച്ചത്. എന്നാൽ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/16.8.23) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ആർ-ട്രാക്കിന്റെ രണ്ട് സ്റ്റേജുകൾ പൂർത്തീകരിച്ചുവെങ്കിലും രണ്ടാമത്തെ സ്റ്റേജിന്റെ വെരിഫിക്കേഷൻ കഴിഞ്ഞതായി അറിയിപ്പ് കിട്ടിയിട്ടില്ല എന്നും ആയത് കിട്ടുന്ന മുറയ്ക്ക് പദ്ധതി പൂർത്തികരിക്കുന്നതാണ് എന്നും പരാമർശിച്ചിരിക്കുന്നു. പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പ്രോജക്ടിനായി നടത്തിയ 25,200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. : 17/16.08.2023.

തടസ്സപ്പെടുത്തിയ തുക : 25,200/-രൂപ.

## 1-24 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 3,98,15,000/-രൂപ വകയിരുത്തി 96,596 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 1,01,853 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞതായി കാണുന്നു. വിവിധ പ്രവൃത്തികൾക്കായി 3,78,77,000/-രൂപ ചെലവഴിച്ചിട്ടുണ്ട് (വകയിരുത്തിയ തുകയുടെ 95.13%). 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 745 ആണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | നീർത്തടാധിഷ്ഠിത ഭൂവികസന പ്രവൃത്തികൾ | 84 | 37 | 32 | 5 | 38.09 |
| 2 | ജലസംരക്ഷണം, മൺകയ്യാല, മഴക്കുഴി നിർമ്മാണം | 84 | 66 | 56 | 10 | 66.66 |
| 3 | ആട്ടിൻകൂട് നിർമ്മാണം | 134 | 7 | 5 | 2 | 3.73 |
| 4 | കാലിത്തൊഴുത്ത് നിർമ്മാണം | 145 | 6 | 3 | 3 | 2.06 |
| 5 | സോക്ക്പിറ്റ് നിർമ്മാണം | 750 | 20 | 4 | 16 | 0.53 |
| 6 | കോഴിക്കൂട് നിർമ്മാണം | 120 | 1 | 0 | 1 | 0.83 |
| 7 | നഴ്സറി നിർമ്മാണം | 2 | 1 | 0 | 1 | 0 |
| 8 | മരം വച്ചുപിടിപ്പിക്കൽ | 21 | 4 | 0 | 4 | 0 |

ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കാഞ്ഞത് എന്നും, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 8/14.8.23) മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള ലക്ഷ്യം കൈവരിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-25 കരാർ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയില്ല

കരാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ KPWD Manual 2012 ( G.O.(P)

No. 13/2012/PWD തീ- 1.2.2012), സെക്ഷൻ 2116.1 പ്രകാരം, Compensation For Delay/Liquidated Charges (PAC തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക അനുവദിക്കാവൂ. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിനു മുൻപായി നൽകേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന, പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ ഒന്നും പാലിക്കാതെ അന്തിമ ബിൽ അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 117/23 (Spill Over Of 178/22) |
| പ്രോജക്റ്റിന്റെ പേര് | വിളയിൽക്കട ജംഗ്ഷൻ മുതൽ കിഴക്കോട്ട് ജയന്തി കോളനി ജംഗ്ഷൻ വരെ റോഡ് റീടാറിംഗ് |
| അടങ്കൽ തുക | 7,26,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ശ്രീ. രാജൻ ജെ. |
| എഗ്രിമെന്റ് നം/തീയതി | 49/AE/LID&EW/ELM/21-22/14.2.22 |
| ബിൽ നം./തീയതി, തുക | 29/21-22/30.3.22, 6,03,388/- രൂപ.<br>13/22-23/27.12.22, 50,709/-രൂപ. |
| എം. ബുക്ക് നമ്പർ | 365/21-22 |
| പി.എ.സി. | 5,93,063.92/-രൂപ. |

പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 14.2.2022-ലാണ്. ടി തീയതി പ്രവൃത്തി ആരംഭിച്ച തീയതിയായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 4 മാസമാണ്. അതായത്, പ്രവൃത്തി 13.6.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 17.9.2022-ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 14.6.22 To 17.9.22 = 96 ദിവസം.
പിഴ = PACx(0.1/100)x(96/7) = 593063.92x(0.1/100)x(96/7) = 8,133/-രൂപ.
ഈടാക്കിയ തുക = 5,931/-രൂപ.
ഈടാക്കാൻ ബാക്കി = 8133-5931 = 2,202/- രൂപ.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 70/23 (Spill Over Of 111/22) |
| പ്രോജക്റ്റിന്റെ പേര് | സുന്ദരൻപിള്ളയുടെ വീട് മുതൽ ഏലാ വഴി കനാൽ റോഡിന് ഓട നിർമ്മാണം |
| അടങ്കൽ തുക | 3,00,000/-രൂപ (CFC ഫണ്ട്) |
| കരാറുകാരൻ | ശ്രീ. അനിൽ ആർ. |
| എഗ്രിമെന്റ് നം/തീയതി | 12/AE/LID&EW/ELM/21-22/7.9.2021 |
| ബിൽ നം./തീയതി, തുക | XVFC/22-23/P/16/25.11.2022, 1,29,400/- രൂപ. |
| എം. ബുക്ക് നമ്പർ | 60/AEE/MBP/22-23 |
| പി.എ.സി. | 2,13,354.94 രൂപ. |

പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 15.9.2021-ലാണ്. ഈ തീയതി പ്രവൃത്തി ആരംഭിച്ച തീയതിയായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 6 മാസമാണ്. അതായത്, പ്രവൃത്തി 14.3.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 30.10.22-ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 15.3.22 To 30.10.22 = 230 ദിവസം.

പിഴ = PACx(0.1/100)x(230/7) = 213354.94x(0.1/100)x(230/7) = 7,010/-രൂപ.

ഈടാക്കിയ തുക = 4,268/-രൂപ.

ഈടാക്കാൻ ബാക്കി = 7010-4268 = 2,742/- രൂപ.

3)

| | |
|---|---|
| പ്രോജക്ട് നമ്പർ | 64/23 (Spill Over Of 74/22) |
| പ്രോജക്ടിന്റെ പേര് | കൊച്ചുവിളമുക്ക് കൃഷ്ണവിലാസം റോഡ് റീടാറിംഗ് |
| അടങ്കൽ തുക | 7,26,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ശ്രീ. അനു ബാബു (എസ്റ്റിമേറ്റ് നിരക്ക്) |
| എഗ്രിമെന്റ് നം/തീയതി | 52/AE/LID&EW/ELM/21-22/17.2.2022 |
| ബിൽ നം./തീയതി, തുക | 15/22-23/25.1.2023, 7,02,751/- രൂപ. |
| എം. ബുക്ക് നമ്പർ | 86/AEE/MBP/22-23 |
| പി.എ.സി. | 6,48,214/-രൂപ. |

പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 23.2.2022 ലാണ്. ഈ തീയതി പ്രവൃത്തി ആരംഭിച്ച തീയതിയായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 4 മാസമാണ്. അതായത്, പ്രവൃത്തി 22.6.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 6.2.23-ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 23.6.22 To 6.2.23 = 229ദിവസം.

പിഴ = PACx(0.1/100)x(229/7) = 648214x(0.1/100)x(229/7) = 21,206/-രൂപ.

ഈടാക്കിയ തുക = 5,956/-രൂപ.

ഈടാക്കാൻ ബാക്കി = 21206-5956 = 15,250/- രൂപ.

4)

| | |
|---|---|
| പ്രോജക്ട് നമ്പർ | 63/23 (Spill Over Of 64/22) |
| പ്രോജക്ടിന്റെ പേര് | അംഗൻവാടി നം. 193 റോഡ് റീടാറിംഗ് |
| അടങ്കൽ തുക | 7,26,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ശ്രീ. അനു ബാബു (എസ്റ്റിമേറ്റ് നിരക്ക്) |
| എഗ്രിമെന്റ് നം/തീയതി | 51/AE/LID&EW/ELM/21-22/16.2.22 |
| ബിൽ നം./തീയതി, തുക | 14/22-23/9.1.23, 6,05,807/- രൂപ. |
| എം. ബുക്ക് നമ്പർ | 87/AEE/MBP/22-23 |
| പി.എ.സി. | 6,48,157.48 രൂപ. |

പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 1.3.2022-ലാണ്. ഈ തീയതി പ്രവൃത്തി ആരംഭിച്ച തീയതിയായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 6 മാസമാണ്. അതായത്, പ്രവൃത്തി 31.8.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 5.12.2022-ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 1.9.22 To 5.12.22 = 96 ദിവസം.

പിഴ = PACx(0.1/100)x(96/7) = 648157.48x(0.1/100)x(96/7) = 8,889/-രൂപ.

എന്നാൽ പിഴ ഇനത്തിൽ തുകയൊന്നും ഈടാക്കിയില്ല.

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 14/14.8.23) മറുപടിയിൽ പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനുള്ള കാരണമായി പദ്ധതി പ്രദേശത്ത് പൈപ്പ് ലൈൻ സ്ഥാപിക്കൽ, കൊറോണ ബാധ, കാലവർഷം തുടങ്ങിയവയാണ് ചൂണ്ടിക്കാട്ടിയിരിക്കുന്നത്. എന്നാൽ

മേൽ സൂചിപ്പിച്ച കാരണങ്ങൾ മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് നിയമാനുസൃതം ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായും കാണുന്നില്ല. ഈ സാഹചര്യത്തിൽ, ക്രമ നമ്പർ (1), (2), (3), (4) എന്നിവ പ്രകാരമുള്ള 29,083/-രൂപ (2202 + 2742 + 15250 + 8889 = 29,083/-) കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. : 14/14.08.2023.

നഷ്ടം : 29,083/-രൂപ.

## 1-26 മരുന്നുകൾ/ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), മെഡിക്കൽ ഓഫീസർ (ആയുർവേദം) എന്നിവർ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചുവെങ്കിലും, മരുന്നുകൾ/ ഉപകരണങ്ങൾ എന്നിവ ഇനിയും ലഭ്യമാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1) മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)

| ക്രമ നം. | പ്രോജക്ട് വിവരം | പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | ചെക്ക് നം./ ബിൽ നം./തിയതി, ചെലവ് തുക (₹) | ലഭ്യമാക്കാനുള്ള മരുന്നുകളുടെ വില (₹) |
|---|---|---|---|---|
| 1 | പ്രോജക്ട് നം. 104/23 – പാലിയേറ്റീവ് കെയർ<br>അടങ്കൽ തുക- 10,00,000/-രൂപ<br>(Plan-General-8,00,000/-+<br>Own Fund-2,00,000) | 1704/17.10.22 | 751264/23.11.22-1,99,996/- | 1,02,703/- |
| | | 1710/17.10.22 | 6/22-23/14.11.22<br>3,63,640/- | 1,46,706/- |
| | | 5389/16.3.23 | 22/22-23/31.3.23<br>46,271/- | 29,950/- |
| 2 | പ്രോജക്ട് നം. 35/23<br>ഡയാലിസിസ് രോഗികൾക്ക് മരുന്നും ഡയലൈസറും വാങ്ങൽ<br>അടങ്കൽ തുക- 4,00,000/-രൂപ<br>(MGNR) | 1701/17.10.22 | 7/22-23/9.11.22<br>3,99,911/- | 1,49,149/- |
| 3 | പ്രോജക്ട് നം. 248/23<br>എഫ്.എച്ച്.സി.യിലേക്ക് ഇൻസുലിനും<br>ക്ലളറും വാങ്ങൽ<br>അടങ്കൽ തുക- 3,00,000/-രൂപ<br>(MGNR) | 4058/31.1.23 | 12/22-23/17.2.23<br>2,49,990/-<br>18/22-23/27.3.23<br>46,150/-<br>ആകെ- 2,96,140/- | 2,49,990/- |
| 4 | പ്രോജക്ട് നം. 34/23<br>പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ തുക- 8,00,000/-രൂപ<br>(MGNR) | 1700/17.10.22 | 10/22-23/31.1.23<br>8,00,000/- | 5,40,808/- |
| ആകെ | | | 21,05,958/- | 12,19,306/- |

മേൽ സൂചിപ്പിച്ച തരത്തിൽ 21,05,958/- രൂപ കെ.എം.എസ്.സി.എൽ-ന് നൽകിയെങ്കിലും 12,19,306/- രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കാനവശേഷിക്കുന്നു.

2) മെഡിക്കൽ ഓഫീസർ (ആയുർവേദം)

| ക്രമ നം. | പ്രോജക്ട് വിവരം | പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | ചെക്ക് നം./ ബിൽ നം/ തിയതി, ചെലവ് തുക(₹) | ലഭ്യമാക്കാനുള്ള മരുന്നുകളുടെ വില (₹) |
|---|---|---|---|---|
| 1 | പ്രോജക്ട് നം. 39/23<br>ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന വാങ്ങൽ | 1081/26.12.22 | 4/22-23/25.2.23<br>2,00,000/- | 2,00,000/- |

| | | | | |
|---|---|---|---|---|
| | അടങ്കൽ തുക- 2,00,000/-രൂപ.<br>(MGNR) | | | |

പ്രസ്തുത പ്രോജക്ടിനായി 2,00,000/-രൂ. ഹോംകോയ്ക്ക് നൽകിയെങ്കിലും, നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല.

ഉപഖണ്ഡികകൾ (1), (2) എന്നിവ പ്രകാരം ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ/ഉപകരണങ്ങൾ എന്നിവയുടെ വിലയായ 14,19,306/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. : 1 & 2/09.08.2023.
തടസ്സപ്പെടുത്തുന്ന തുക : 14,19,306/-രൂപ.

## 1-27 മുൻകൂർ നല്കിയ തുകകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരായ വെറ്ററിനറി സർജൻ, ഹെഡ്മാസ്റ്റർ എന്നിവർക്ക് താഴെപ്പറയുന്ന ചെക്കുകൾ പ്രകാരം 50,000/- രൂപ വീതം ഓഫീസ് ചെലവുകൾക്ക് അഡ്വാൻസായി തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കി ചെലവ് ക്രമീകരിച്ചിട്ടില്ല.
ചെക്ക് നം. 035409/06.07.22
അനുവദിച്ച തുക- 50,000/- (ഹെഡ്മാസ്റ്റർ )
ചെക്ക് നം. 704100/28.12.22
അനുവദിച്ച തുക- 50,000/- (വെറ്ററിനറി സർജൻ)
കേരള ഫിനാൻസ് കോഡ് വാല്യം 1 ആർട്ടിക്കിൾ 99(1) പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി അനുവദിക്കുന്ന മുൻകൂറുകൾ മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതുണ്ട്.
ഈ തുകകളുടെ വിനിയോഗ വിവരം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (20/17.08.23) വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽ പരാമർശിച്ച തുകയുടെ രേഖകൾ ഹാജരാക്കി ചെലവ് തുക ക്രമീകരിക്കുന്നതുവരെ ഈ ഇനത്തിലെ 1,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
നിർവ്വഹണ അധികാരി : സെക്രട്ടറി
ഓഡിറ്റ് എൻക്വയറി നം. : 20/17.08.2023.
തടസ്സപ്പെടുത്തിയ തുക : 1,00,000/-രൂപ.

## 1-28 കരാർ ജീവനക്കാർക്ക് ഒരു സാമ്പത്തിക വർഷം രണ്ട് തവണ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എം.ജി.എൻ.ആർ.ഇ.ജി.എസിലെ ശ്രീ. മനോജ് (ഓവർസീയർ), ശ്രീമതി. രഞ്ജി എസ് (അക്കൗണ്ടന്റ് ) എന്നിവർക്ക് 2022-23 സാമ്പത്തിക വർഷം 15 ദിവസം വീതം രണ്ട് തവണ (ചെക്ക് നം. 097258/27.03.23), (ചെക്ക് നം. 22370/31.03.23) ആർജ്ജിതാവധി പണമാക്കൽ പ്രകാരം 24,040/- രൂപ വീതം ആകെ 48,080/-രൂപ അനുവദിച്ചിട്ടുണ്ട്. എൻ.ആർ.ഇ.ജി.എസ്. കരാർ ജീവനക്കാർക്ക് അക്കൗണ്ടിൽ മതിയായ ആർജ്ജിതാവധി ഉണ്ടെങ്കിൽ ഒരു സാമ്പത്തിക വർഷം 30 ദിവസം വരെ സറണ്ടർ ചെയ്യാമെന്ന് എൻ.ആർ.ഇ.ജി.എസ്. മിഷൻ കോ-ഓർഡിനേറ്ററുടെ 30-03-2023 തീയതിയിലെ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ.(പി) 3000/98 തീയതി 25/11/1998 ശമ്പളപരിഷ്കരണ ഉത്തരവ് ഖ. 34(a) പ്രകാരം നിലവിൽ എല്ലാ ജീവനക്കാർക്കും ഒരു സാമ്പത്തിക വർഷം പരമാവധി ഒരു തവണ മാത്രമേ ആർജ്ജിതാവധി സറണ്ടർ ചെയ്യാൻ കഴിയൂ. ആയതിനാൽ രണ്ട് തവണ ജീവനക്കാർക്ക് ആർജ്ജിതാവധി പണമാക്കൽ പ്രകാരം തുക അനുവദിച്ചത് ക്രമപ്രകാരമല്ല. കൂടാതെ ജീവനക്കാരുടെ ആർജ്ജിതാവധി വിവരങ്ങൾ രേഖപ്പെടുത്തിയ സേവനപുസ്തകങ്ങൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ആർജ്ജിതാവധിയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചട്ടവിരുദ്ധമായ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പൂർത്തിയാക്കാൻ ശേഷിക്കുന്ന

വി.ഇ.ഒ. മുൻവർഷം നിർവ്വഹണം ആരംഭിച്ച വിവിധ പ്രോജക്ടുകളിൽ പ്രവൃത്തികൾ പൂർത്തിയാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോ. നം. 156 – ലൈഫ് ഭവനപദ്ധതി (എസ്.സി.)

ആദ്യ ഗഡു അഡ്വാൻസായി കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിച്ച് തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല (യൂണിറ്റ് കോസ്റ്റ് – ₹4,00,000/-).

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | തീയതി |
|---|---|---|---|
| 1 | ശ്രീമതി വസന്തകുമാരി, രജനി ഭവനം, പുനക്കന്നൂർ | 40,000/- | 28.10.21 |
| 2 | ശ്രീമതി സുമതി, എല്ലുകുഴി ജയന്തി കോളനി, പുനക്കന്നൂർ | 40,000/- | 13.06.22 |
| 3 | ശ്രീമതി ഗീതാകുമാരി, വിപിൻ ഭവനം, അമ്പിപൊയ്ക | 40,000/- | 31.10.22 |

2. പ്രോ. നം. 46 - ഭവനപുനരുദ്ധാരണം (ജനറൽ)

ആദ്യ ഗഡു അഡ്വാൻസായി കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിച്ച് തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല (യൂണിറ്റ് കോസ്റ്റ് – ₹50,000/-).

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | തീയതി |
|---|---|---|---|
| 1 | ശ്രീ മുഹമ്മദ് കുഞ്ഞ്, ചരുവിള പുത്തൻവീട്, ഇളമ്പള്ളൂർ | 20000/- | 25.02.22 |
| 2 | ശ്രീമതി ഫാത്തിമാ ബീവി, ഷെമീന മൻസിൽ, ഇളമ്പള്ളൂർ | 20000/- | 25.02.22 |
| 3 | ശ്രീ രതീഷ് കുമാർ, രഞ്ജിത്ത് ഭവൻ, ഇളമ്പള്ളൂർ | 20000/- | 09.05.22 |

3. പ്രോ. നം. 45 - ഭവനപുനരുദ്ധാരണം (ജനറൽ)

ആദ്യ ഗഡു അഡ്വാൻസായി കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിച്ച് തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല (യൂണിറ്റ് കോസ്റ്റ് – ₹50,000/-).

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | തീയതി |
|---|---|---|---|
| 1 | ശ്രീമതി ബിന്ദു, രശ്മി നിവാസ്, പുനക്കന്നൂർ | 25,000/- | 19.11.21 |
| 2 | ശ്രീമതി സുജ, പുത്തൻവിള മേലതിൽ, പുനക്കന്നൂർ | 25,000/- | 06.01.22 |
| 3 | ശ്രീമതി സുമ, കോട്ടൂർ കിഴക്കതിൽ, പുന്നമുക്ക്, പെരുമ്പുഴ | 25,000/- | 25.02.22 |

4. പ്രോ. നം. 112 - ഒ.ഡി.എഫ്. കക്കൂസ് നിർമ്മാണം (യൂണിറ്റ് കോസ്റ്റ് – ₹14,000/-).

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | തീയതി |
|---|---|---|---|
| 1 | ശ്രീമതി ബിന്ദു, എല്ലുകുഴി ജയന്തി കോളനി, | 7000/- | 19.09.22 |
| 2 | ശ്രീ വിമൽ കുമാർ, എസ്.എം.സി. കോളനി നം. 60 പുനക്കന്നൂർ | 7000/- | 21.02.22 |

മേൽപരാമർശിച്ച ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 വസ്തുനികുതി ഡിമാൻഡ് മുൻവർഷത്തേക്കാൾ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിലെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾI-1 പ്രകാരം റസിഡൻഷ്യൽ ബിൽഡിംഗിന്റെ വസ്തു നികുതി ഡിമാൻഡ് 39,88,537/-രൂപയാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിലെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾI-1 പ്രകാരം റസിഡൻഷ്യൽ ബിൽഡിങ്ങിന്റെ വസ്തു നികുതി ഡിമാൻഡ് 40,05,730/- രൂപയാണ്. 2021-22 വർഷത്തേക്കാൾ 2022-23 വർഷം വസ്തു നികുതി ഡിമാൻഡിൽ 17,193/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ പുതിയ നിരവധി റസിഡൻഷ്യൽ ബിൽഡിംഗുകൾക്ക് വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ റസിഡൻഷ്യൽ ബിൽഡിംഗിന്റെ വസ്തു നികുതി ഡിമാൻഡ് 41,90,220/-രൂപയാണ്. വാർഷിക ധനകാര്യപത്രികയിലെ വസ്തു നികുതി ഡിമാന്റ് കൂടുന്നതിന് പകരം 2021-22 വർഷത്തേക്കാൾ കുറവ് വന്നതുമൂലം വസ്തുനികുതി കുടിശിക ഡിമാൻഡിൽ കുറവുണ്ടായിട്ടുണ്ട്. വാർഷിക ധനകാര്യപത്രികയിലെ റസിഡൻഷ്യൽ ബിൽഡിംഗിന്റെ വസ്തു നികുതി ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാൻ നടപടി സ്വീകരിച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-31 അഡ്വാൻസ് ക്രമീകരിക്കുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പത്രിക B-18 പ്രകാരം ചുവടെ സൂചിപ്പിക്കുന്ന തുകകൾ വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയിട്ടുള്ളതായി കാണുന്നു.

| ശീർഷകം | തുക കൈപ്പറ്റിയിരിക്കുന്ന സ്ഥാപനം | നൽകിയ തുക (രൂപയിൽ) |
|---|---|---|
| 460500201 | കേരള വാട്ടർ അതോറിറ്റി | 88,54,055/- |
| 460500202 | കേരള ഇലക്ട്രിസിറ്റി ബോർഡ് | 8,04,500/- |
| 460500205 | കേരള പൊതുമരാമത്ത് വകുപ്പ് | 2,20,000/- |
| | ആകെ | 98,78,555/- |

ഏതെല്ലാം പദ്ധതികൾ പ്രകാരം ഏത് കാലയളവിലാണ് തുക ഒടുക്ക് വരുത്തിയിരിക്കുന്നതെന്നതിന്റെ വിശദാംശം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഏതെല്ലാം പ്രവൃത്തികൾക്കാണ് മേൽ സൂചിത മുൻകൂർ തുകകൾ ചെലവഴിച്ചതെന്നും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലാത്തപക്ഷം തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തിയതിന്റെ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-32 വസ്തുനികുതി നിർണ്ണയിക്കാതെ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 5 മൊബൈൽ ടവറുകൾക്കാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന മൂന്നാം വാർഡിലും സമീപത്തെ വാർഡ് നമ്പർ-4 (ഹോസ്പിറ്റൽ ജംഗ്ഷൻ വാർഡ്) മൊബൈൽ ടവറുകൾ സ്ഥിതി ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഓഡിറ്റ് എൻക്വയറി പ്രകാരം (എൻക്വയറി-9/14-08-2023) ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് എൻജിനീയറിംഗ് വിഭാഗവും പഞ്ചായത്ത് ജീവനക്കാരും സംയുക്തമായി നടത്തിയ പരിശോധനയിൽ മേൽ പറഞ്ഞ രണ്ട് വാർഡുകളിലായി നാലു ടവറുകൾ സ്ഥിതി ചെയ്യുന്നതായി കണ്ടെത്തി. ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന മൂന്നാം വാർഡിൽ രണ്ട് മൊബൈൽ ടവറുകൾ സ്ഥിതി ചെയ്യുന്നു. ഈ രണ്ട് വാർഡുകളിലായി പഞ്ചായത്തിന്റെ വസ്തുനികുതി നിർണയപരിധിയിൽ ഉൾപ്പെടാതെ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതുമൂലം ഓരോ വർഷവും അടിസ്ഥാന വസ്തുനികുതിയിലുണ്ടാകുന്ന നഷ്ടത്തിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് | ടവർ സ്ഥിതിചെയ്യുന്ന പ്രദേശം | പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ ടവറിന്റെ വിസ്തീർണ്ണം | അടിസ്ഥാന വാർഷിക വസ്തുനികുതി (₹) |
|---|---|---|---|---|
| 1 | 3 | മുക്കട അറേബ്യൻ ഹോട്ടൽ കെട്ടിടത്തിന് മുകളിൽ | ടവറിന്റെ വിസ്തീർണ്ണം-8.72 ച.മീറ്റർ | 8.72x500 = 4,360/-<br>12x50 = 600/- |

| | | | | |
|---|---|---|---|---|
| | | | ജനറേറ്റർ റൂമിന്റെ വിസ്തീർണ്ണം-12 ച.മീറ്റർ | ആകെ = 4,960/- |
| 2 | 3 | 3/331 നമ്പർ കെട്ടിടത്തിന് സമീപം | ടവറിന്റെ വിസ്തീർണ്ണം-30.36 ച.മീറ്റർ<br>ജനറേറ്റർ റൂമിന്റെ വിസ്തീർണ്ണം-13.44 ച.മീറ്റർ | 30.36x500=15,180/-<br>13.44x50=672/-<br>ആകെ = 15,852/- |
| 3 | 4 | 4/225 നമ്പർ കെട്ടിടത്തിന് സമീപം | ടവറിന്റെ വിസ്തീർണ്ണം-11.55ച.മീറ്റർ<br>ജനറേറ്റർ റൂമിന്റെ വിസ്തീർണ്ണം-18.74 ച.മീറ്റർ | 11.55x500=5,775/-<br>18.74x50=937/-<br>ആകെ = 6,712/- |
| 4 | 4 | 4/225 നമ്പർ കെട്ടിടത്തിന് സമീപം മറ്റൊരു ടവർ സ്ഥിതി ചെയ്യുന്നതായും ഈ ടവർ അളക്കുന്നതിന് സാധിച്ചില്ല എന്നാണ് പരിശോധന റിപ്പോർട്ടിലുള്ളത് | | |

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 118 പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ വാർത്താവിനിമയഗോപുരങ്ങളോ, വാർത്താവിനിമയ ളുണകളോ സ്ഥാപിക്കുവാൻ പാടില്ല. ഗ്രാമപഞ്ചായത്തിൽ 21 വാർഡുകളാണ് ഉള്ളത്. അതിൽ 2 വാർഡുകളിൽ ഓഡിറ്റിന്റെ നിർദ്ദേശപ്രകാരം നടത്തിയ സാമ്പിൾ പരിശോധനയിൽ തന്നെ പഞ്ചായത്തിന്റെ വസ്തുനികുതി നിർണയപരിധിയിൽ ഉൾപ്പെടാതെ 3 മൊബൈൽ ടവറുകൾ സ്ഥിതിചെയ്യുന്നതായി കണ്ടെത്തി. മറ്റ് വാർഡുകളിലും സമാനമായി പഞ്ചായത്തിന്റെ വസ്തുനികുതി നിർണയപരിധിയിൽ ഉൾപ്പെടാതെ മൊബൈൽ ടവറുകൾ സ്ഥാപിച്ചിരിക്കാൻ സാധ്യതയുണ്ട്. വസ്തുനികുതി നിർണയപരിധിയിൽ ഉൾപ്പെടാതെ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നത് മൂലം ഓരോ വർഷവും വലിയ നികുതി നഷ്ടമാണ് പഞ്ചായത്ത് ഫണ്ടിന് ഉണ്ടാകുന്നത്. പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന എല്ലാ ടവറുകളുടേയും വസ്തുനികുതി നിർണ്ണയിച്ച് ആയത് ഈടാക്കുന്നതിന് ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശങ്ങൾ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 ഉപയോഗക്രമം പരിഗണിക്കാതെ ലൈസൻസ് നൽകി

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്ററിന്റെ പരിശോധനയിൽ ശ്രീ. സി. എ. നജീബ് എന്ന വ്യക്തിക്ക് 20/241 നമ്പർ കെട്ടിടത്തിൽ "ടി. സി. ബിൽഡിംഗ്" എന്ന സ്ഥാപനം നടത്തുന്നതിനുള്ള (ടൈൽസ് വില്പന) ലൈസൻസ് നൽകിയിരുന്നു. ഈ വ്യക്തിക്ക് തന്നെ 20/735 നമ്പർ കെട്ടിടത്തിൽ "എൻ. പി. ബിൽഡിംഗ്" എന്ന സ്ഥാപനം നടത്തുന്നതിനുള്ള (സാനിട്ടറി, ഫിറ്റിംഗ്സ് വില്പന) ലൈസൻസും നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം മേൽ പറഞ്ഞ കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | ഉപയോഗക്രമം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | വാർഷിക വസ്തുനികുതി |
|---|---|---|---|---|
| ശ്രീ. രാമചന്ദ്രൻ, കാവേരി | 20/241 | സ്റ്റോറേജ് ഷെഡ് | 650 ച.മീറ്റർ | 7,369/-രൂപ |
| ശ്രീ. രാമചന്ദ്രൻ, കാവേരി | 20/735 | സ്റ്റോറേജ് ഷെഡ് | 650 ച.മീറ്റർ | 7,369/-രൂപ |

വ്യവസായ ആവശ്യത്തിനുള്ള സ്റ്റോറേജ് ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ച കെട്ടിടത്തിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകിയതിന് മുമ്പ് ഉപയോഗക്രമത്തിൽ മാറ്റം വരുത്തി നികുതി പുനർ നിർണ്ണയിക്കേണ്ടതായിരുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് വസ്തുനികുതി ഈടാക്കിയതിന്റെയും ആയതിനനുസൃതമായി മാത്രം ലൈസൻസ് അനുവദിച്ചതിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. : 11/16.08.2023

## 1-34 ഹരിതകർമ്മ സേന -വിവരശേഖരണം

ഹരിതകർമ്മ സേന – വിവരശേഖരണം

| | | | |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ പേര്,<br>വാർഡുകളുടെ എണ്ണം | : | ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്<br>21 |
| 2 | ഓരോ വാർഡുകളിലെയും കുടുംബങ്ങളുടെ എണ്ണം/സ്ഥാപനങ്ങളുടെ എണ്ണം/ആകെ ജനസംഖ്യ | : | കുടുംബങ്ങൾ – 12657<br>സ്ഥാപനങ്ങൾ- 1985<br>ജനസംഖ്യ – 33959 |
| 3 | ഹരിതകർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം (വാർഡ്തല വിവരം) | : | ഒരു വാർഡിൽ 2 പേർ വീതം ആകെ 38 പേർ<br>(കാമ്പിക്കട, ആലുംമൂട് വാർഡുകളിൽ അംഗങ്ങൾ ഇല്ല) |
| 4 | വാർഡുകളിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ | : | ഉണ്ട് |
| 5 | കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടോ? | : | ഉണ്ട് |
| 6 | ശേഖരിക്കുന്ന മാലിന്യങ്ങൾ തരം തിരിച്ച് ക്രമീകരിക്കുകയും ക്ലീൻ കേരളയ്ക്ക് യഥാസമയം കൈമാറുകയും ചെയ്യുന്നുണ്ടോ? | : | ഉണ്ട് |
| 7 | MCF കൾ, RRF കൾ ഉണ്ടോ? | : | MCF-1 , Mini MCF-ഇല്ല |
| 8 | MCF കളുടെ പ്രവർത്തനം ഫലപ്രദമോ? | : | അല്ല (വിശദവിവരം ചേർത്തിട്ടുണ്ട്) |
| 9 | ബെയിലിംഗ്, ഷ്രഡിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ? | : | ഇല്ല |
| 10 | ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനത്തിൽ പരിമിതികൾ ഉണ്ടോ?<br>പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ സംവിധാനങ്ങൾ? | : | ഹരിതകർമ്മ സേനയ്ക്ക് വാഹനമുണ്ട് |
| 11 | ഹരിതകർമ്മസേനാംഗങ്ങളുടെ മാസവരുമാനം ?<br>വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നുണ്ടോ? | : | Rs 7500/-<br>ഇല്ല |
| 12 | ഹരിതകർമ്മ സേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ ആധികാരിക കലണ്ടർ പ്രകാരം നടക്കുന്നുണ്ടോ?<br>മോണിറ്ററിംഗ് സംവിധാനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ നടത്തുക | : | ഉണ്ട്.<br>ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി സംവിധാനമുണ്ട്. |
| 13 | ഹരിതകർമ്മ സേനയുടെ വരുമാന വർദ്ധനവിനായി സ്വീകരിച്ച നടപടികൾ? | : | യൂസർഫീ കളക്ഷനാണ് പ്രധാന വരുമാനമാർഗ്ഗം |
| 14 | ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്താൻ കൈക്കൊണ്ട നടപടികൾ | : | 12-ാം വാർഡിൽ ക്യൂ ആർ കോഡ് പതിച്ചിട്ടില്ല |
| 15 | നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം/പൊതുനിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ-സ്വീകരിച്ച നടപടികൾ | : | ഗ്രാമപഞ്ചായത്ത് തല സ്ക്വാഡ് നിശ്ചിത ഇടവേളയിൽ കടകൾ,മറ്റ് വ്യാപാര സ്ഥാപനങ്ങൾ എന്നിവ പരിശോധന നടത്തുന്നു. പൊതുനിരത്തിലെ മാലിന്യ നിക്ഷേപിക്കുന്നത് തടയുന്നതിന് ക്യാമറ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നു. |

| | | |
|---|---|---|
| 16 | ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് നൽകിയിട്ടുള്ളാ അടിസ്ഥാന സൗകര്യങ്ങൾ (വാഹനങ്ങൾ, ഡ്രൈവിംഗ് പരിശീലനം, ഓഫീസ് സൗകര്യങ്ങൾ തുടങ്ങിയവ) എന്തൊക്കെ? | : ഇല്ല |

പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി

1) ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 2021 നവംബർ മുതലാണ് ആരംഭിച്ചത്. ഗ്രാമപഞ്ചായത്തിൽ 21 വാർഡുകളാണുള്ളത് അതിൽ 19 വാർഡുകളിൽ രണ്ടംഗങ്ങൾ വീതമുണ്ട്. 2 വാർഡുകളിൽ അംഗങ്ങൾ ഇല്ല. 21 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഹരിത കർമ്മസേന കൃത്യമായി പ്രവർത്തിക്കുന്നില്ല എന്ന് രജിസ്റ്ററുകളിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2) യൂസർഫീയായി 2022-23 ൽ 11,89,585/- രൂപയാണ് ഹരിത കർമ്മ സേനയ്ക്ക് ലഭ്യമായിട്ടുള്ളത്. പ്ലാസ്റ്റിക്ക് വിറ്റയിനത്തിൽ 1,55,376/-രൂപയും ആക്രിയിനങ്ങൾ വിറ്റയിനത്തിൽ 43,140/-രൂപയും ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും അംഗങ്ങൾക്ക് 12,49,291/- രൂപ വേതനമായി നൽകിയിട്ടുണ്ട്. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ട്.

3) യൂസർ ഫീ വർധിപ്പിക്കുവാൻ ആവശ്യമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റ്, വീട്ട വീടാന്തരം നോട്ടീസ് വിതരണം എന്നിവ നടപ്പിലാക്കി. എല്ലാ ഹരിതകർമ്മ സേന അംഗങ്ങൾക്കും വ്യക്തി വിവരങ്ങൾ അടങ്ങിയ ഹരിതകർമ്മസേനാ ഐ ഡി കാർഡ് പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്.

4) 1496/2020 സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ ഐറ്റം 14 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾക്കും സേവനങ്ങൾക്കും യൂസർ ഫീ രസീത്/ഗ്രീൻ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്.







തുടർപ്രവർത്തന നിർദ്ദേശങ്ങൾ

1. ഹരിതകർമ്മസേനയ്ക്ക് യൂസർ ഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നോട്ടീസ് നൽകി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ ഇല്ലാത്തിടങ്ങളിൽ സമയബന്ധിതമായി മിനി MCF സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. നിലവിൽ മിനി MCF ഒരു വാർഡിലും സ്ഥാപിച്ചിട്ടില്ല.

3. "മാലിന്യ മുക്ത പഞ്ചായത്ത് " എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാനായി ആവശ്യകത നിർണായക സർവേ നടത്തി, എല്ലാ ഇടങ്ങളിലും സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഉറവിട മാലിന്യ പരിപാലന ഉപാധികളിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി എല്ലാ വീടുകളിലും ഹരിതകർമ്മസേനയുടെ സഹായത്തോടെ ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

5. നിലവിൽ MCF ലും പരിസരത്തുമായി മാലിന്യങ്ങൾ ചിതറികിടക്കുന്ന അവസ്ഥയിലാണ്. ഇത് സമീപവാസികളുടെ പ്രതിഷേധത്തിന് കാരണമാകും. സമയബന്ധിതമായും ക്രമമായ ഇടവേളകളിലും മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന ഏജൻസി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 തനത് വരുമാനം - അവലോകനം

### വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന്

അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ടെങ്കിലും അതിനുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല. അതുമൂലം നികുതി നഷ്ടമുണ്ടാകുന്ന (ഖണ്ഡിക 1-32, 1-33 എന്നിവയിൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി വിവിധതരം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 15-07-2023-ലെ ഭരണസമിതി യോഗം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

4. ഫീൽഡ്തല പരിശോധനകൾ

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1)ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം ഏപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(1)ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.വീടുകൾ, കെട്ടിടങ്ങൾ എന്നിവയ്ക്ക് നികുതി ചുമത്തപ്പെട്ടശേഷം പഞ്ചായത്തിൽ അറിയിക്കാതെ കൂട്ടിച്ചേർക്കലുകൾ, മേൽക്കൂര മാറ്റൽ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുള്ളതും പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നതുമായ കെട്ടിടങ്ങൾ കണ്ടെത്തി കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുൻനിർണ്ണയിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഐ.ടി.ഐ. സർവ്വേയർ എന്നീ യോഗ്യതയിൽ കുറയാത്തവരെ നിയമിക്കാവുന്നതാണെന്ന് നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ളവരെ നിയമിച്ച് വിവരശേഖരണം നടത്തുന്ന പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്തിൽആരംഭിച്ചിട്ടില്ല.

5. സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ പിരിക്കുന്നില്ല. സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

6. തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ

സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് (ഖണ്ഡിക 1-14 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

7. ലേലം

2022-23 സാമ്പത്തിക വർഷം ഇറച്ചി ലേലം നടത്തിയിട്ടില്ല. അനധികൃത കശാപ്പ് തടയുന്നതിനും ഇറച്ചി ലേലം നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അധികം സബ്സിഡി അനുവദിച്ചു

പ്രോജക്ട് നം – 192/23 (പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്)

ഫണ്ട് അടങ്കൽ – 12,00,000/- രൂപ (9,00,000/- വികസന ഫണ്ട് - എസ്.സി.പി; 3,00,000/- തനത് ഫണ്ട്)

ചെലവ് തുക – 10,15,000/-രൂപ (9,00,000/-വികസന ഫണ്ട് - എസ്.സി.പി; 1,15,000/- തനത് ഫണ്ട്)

ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ചെലവ് നടത്തിയ (ബിൽ നം. 13/ 22- 23/31-03-2023)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം എഞ്ചിനീയറിംഗ്, മറ്റ് പ്രൊഫഷണൽ ബിരുദ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട 25,000/-രൂപയുടെ സ്കോളർഷിപ്പ് കൈപ്പറ്റിയ ശ്രീമതി. അശ്വതി എസ്. എസ്. (അശ്വതി ഭവൻ, പ്ലാവിള പടിഞ്ഞാറ്റതിൽ, പെരുമ്പുഴ പി.ഒ, പെരുമ്പുഴ – വാർഡ് 13) എന്ന ഗുണഭോക്താവ് ഡി-ഫാം വിദ്യാർത്ഥിനിയാണ്. സർക്കാർ ഉത്തരവ് (കൈ) നം-115/2022/ത.സ്വ.ഭ.വ. തീയതി 28-05-2022 ഖണ്ഡിക 7.2.4 പ്രകാരം "പ്ലസ് ടു വിന് ശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾ പഠിക്കുന്നവർക്ക് 15,000/-" രൂപയാണ് സ്കോളർഷിപ്പ് ആയി നൽകേണ്ടത്. സബ്സിഡി മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന തുകയിൽ നിന്നും വ്യതിചലിച്ച് ചെലവ് നടത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ എൻക്വയറി മുഖേന ആശ്യപ്പെട്ടപ്പോൾ അധികമായി നൽകിയ 10,000/-രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം മറികടന്ന് അധികമായി നൽകിയ 10,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. : 3/11.08.2023.
നിരാകരിച്ച തുക : 10,000/-രൂപ.

### 3-2 സബ്സിഡി നിരക്കിൽ നിന്നും അധികം തുക അനുവദിച്ചു

പ്രോജക്ട് നം. 92/23 – കാലിത്തീറ്റ സബ്സിഡി (സ്പിൽ ഓവർ)

ഫണ്ട് – വികസനഫണ്ട് (ജനറൽ),
അടങ്കൽ തുക – 2,64,328/-രൂപ.

ചെലവ് – 2,57,650/-രൂപ

ബിൽ നം -1) 2/22-23/27-05-22; 76075/-രൂപ, 2) 1/22-23/27-05-22; 1,81,575/-രൂപ.

ഡയറി ഫാം ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കാലിത്തീറ്റ സബ്സിഡി എന്ന പദ്ധതിയിൽ ഗുണഭോക്താക്കളായ ക്ഷീരകർഷകർക്ക് കാലിത്തീറ്റ അനുവദിക്കുമ്പോൾ കാലിത്തീറ്റ വിലയുടെ 50

ശതമാനം ക്ഷീരസംഘങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതായിരുന്നു പദ്ധതി. എന്നാൽ ക്ഷീരസംഘങ്ങൾ സമർപ്പിച്ച കാലിത്തീറ്റ വാങ്ങിയ ബില്ലിലെ തുകയുടെ 50 ശതമാനത്തേക്കാൾ കൂടിയ തുകയാണ് സബ്സിഡിയായി അനുവദിച്ചത്. വിശദവിവരം താഴെ കൊടുക്കുന്നു.

1. കുണ്ടറ ക്ഷീരോത്പാദക സഹകരണ സംഘം ക്ഷീരകർഷകർക്ക് കേരള ഫീഡ്സ് എലൈറ്റ് കാലിത്തീറ്റ അനുവദിച്ചതിന് ബാഗ് ഒന്നിന് 1,345/-രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ സ്ഥാപനം സമർപ്പിച്ച കേരള ഫീഡ്സിന്റെ ഇൻവോയ്സുകൾ/ ബില്ലുകൾ പ്രകാരം ഈ കാലിത്തീറ്റ ഇനത്തിന് വില ബാഗ് ഒന്നിന്റെ വില 1,237/-രൂപ മാത്രമാണ്. ആയത് പ്രകാരം ബാഗ് ഒന്നിന്റെ സബ്സിഡി തുകയായി അനുവദിക്കാവുന്നത് 618.5/-രൂപ മാത്രമാണ്. എന്നാൽ ക്ഷീരസംഘം സബ്സിഡിയിനത്തിൽ 672.5/-രൂപ നിരക്കിൽ ഡിമാന്റ് ചെയ്യുകയും നിർവ്വഹണ ഉദ്യോഗസ്ഥ തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തീയതി | ചെലവ് തുക | അനുവദിച്ച സബ്സിഡി (₹) | അനുവദനീയമായ സബ്സിഡി (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|
| KFLPI-21-22-053936/ 01-03-22, | 170 എണ്ണം ബാഗിന് 1237/-രൂപ നിരക്കിൽ 2,10,290/-രൂപ | 1,14,325/- | 1,05,145/- | 9,180/- |
| KFLPI-21-22-056648/ 15-03-22, | 100 എണ്ണം ബാഗിന് 1237/-രൂപ നിരക്കിൽ 1,23,700/-രൂപ | 67,250/- | 61,850/- | 5,400/- |
| | | | ആകെ | 14,580/- |

അനുവദനീയമായ സബ്സിഡി നിരക്കിൽ നിന്നും അധികമായി 14580/- രൂപ അനുവദിച്ചതിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടപ്പോൾ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ തങ്ങളുടെ ലാഭം കൂടി കണക്കാക്കിയാണ് സബ്സിഡി ഈടാക്കുന്നത് എന്ന് മറുപടി ലഭ്യമാക്കി. ക്ഷീരോത്പാദക സഹകരണ സംഘങ്ങൾക്കുള്ള ലാഭവിഹിതം കൂടി ഉൾപ്പെട്ട വിലയ്ക്കാനുപാതികമായി സബ്സിഡി നൽകുന്നത് അനുവദനീയമല്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. സബ്സിഡി ഇനത്തിൽ അധികം അനുവദിച്ച തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 18/17-08-2023.
നിരാകരിച്ച തുക – 14,580/-രൂപ.

### 3-3 ടെണ്ടർ കുറവ് ബാധകമാക്കാതെ തുക നൽകി - അധിക ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് നം. -169/23, ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി.

ഫണ്ട് അടങ്കൽ – 2,50,000/-രൂപ, തനത് ഫണ്ട്.

ചെലവ് -1,11,557/-രൂപ, ചെക്ക് നം – 22376/31.03.2023.

നിർവ്വഹണം – സെക്രട്ടറി.

ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഹൈമാസ്റ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുക എന്ന ലക്ഷ്യത്തിൽ നടപ്പിലാക്കിയതാണ് ഈ പദ്ധതി. പ്രവൃത്തിക്ക് വേണ്ടി നടത്തിയ ടെണ്ടറിൽ L1 നിരക്ക് (35% എസ്റ്റിമേറ്റിൽ കുറവ്) രേഖപ്പെടുത്തിയ കരാറുകാരൻ കരാറിൽ ഏർപ്പെടാതിരുന്നതു മൂലം റീ ടെണ്ടർ ചെയ്തു. ആദ്യ ടെണ്ടറിൽ 17% എസ്റ്റിമേറ്റിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയിരുന്ന ശ്രീ. സോമശേഖരൻ പിള്ള എന്ന കരാറുകാരൻ മാത്രം റീ ടെണ്ടറിൽ പങ്കെടുക്കുകയും 2.32% കുറവ് നിരക്ക് രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് ആദ്യ ടെണ്ടറിൽ ശ്രീ. സോമശേഖരൻപിള്ള രേഖപ്പെടുത്തിയിരുന്ന 17% കുറവ് നിരക്കിൽ പ്രവൃത്തി ചെയ്യാൻ ടി വ്യക്തിയുമായി നെഗോസിയേഷൻ നടത്താൻ 12/01/23 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(1) തീരുമാന പ്രകാരം 16-01-23 ൽ

B2-8182/22 പ്രകാരം കത്ത് നൽകി. നെഗോസിയേഷനെ തുടർന്ന് എസ്റ്റിമേറ്റ് തുകയിൽ നിന്നും 17% കുറവ് നിരക്കിൽ പ്രവൃത്തി ചെയ്യാൻ 24/01/23 ൽ 4/23 നമ്പറായി ശ്രീ. സോമശേഖരൻ പിള്ളയുമായി കരാറിലേർപ്പെട്ടു.

ഇളമ്പള്ളൂർ-ആല്യംമൂട് ജംഗ്ഷനിലെ ഹൈമാസ്റ്റ് മെയിന്റനൻസിനായി 1,07,267/-രൂപയും എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, ബില്ല് തയ്യാറാക്കൽ എന്നിവയ്ക്കായി എസ്റ്റിമേറ്റ് തുകയുടെ 3% തുകയായ 3,218/-രൂപയും, സാങ്കേതികാനുമതി റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി എസ്റ്റിമേറ്റ് തുകയുടെ 1% തുകയായ 1,072/-രൂപയും 12% ജി.എസ്.ടി.യും ഉൾപ്പെടെ 1,25,000/-രൂപയാണ് അടങ്കൽ തുകയായി വകയിരുത്തിയിരുന്നത്.

എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് 17% ടെണ്ടർ കുറവ് വരുത്താതെയാണ് തുക ബിൽ തയ്യാറാക്കി കരാറുകാരന് നൽകിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം - 1,07,267.04 (എം-ബുക്ക് നം- 125/22-23, (പേജ് നം- 1 മുതൽ 7 വരെ))

കരാറുകാരന് നൽകേണ്ടിയിരുന്ന തുക

(17% നിരക്ക് കുറവ് വരുത്തി) - 89031.64 രൂപ (107267.04-18235.39)

കരാറുകാരന് നൽകിയ തുക – 107267/-രൂപ

അധികം നൽകിയ തുക - 18236/-രൂപ

ബിൽ തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റ് നിരക്കിന്റെ 3% തുക ചാർജ്ജായി നൽകിയിട്ടും ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടപ്പോൾ പദ്ധതി പ്രകാരം രണ്ട് ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി നടത്തുന്നതിനാണ് അടങ്കൽ വകയിരുത്തിയിരുന്നതെന്നും രണ്ടാമത്തെ പ്രവൃത്തിയുടെ ബിൽ തുക നൽകുമ്പോൾ ആദ്യ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തി ടെണ്ടർ കുറവ് വരുത്തുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിലവിൽ ടെണ്ടർ കുറവ് വരുത്തിയിട്ടില്ലാത്തതിനാൽ അധികമായി നൽകിയ 18,236/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. 18,236/- രൂപ തിരിച്ചടച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. : 05/ 11-08-2023.

നിരാകരിച്ച തുക – 18,236/-രൂപ.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|---|
| 2022-23 | 14-08-2023 | കെ.എസ്.എ.കെ.എൽ.എം.പി7/1547/23 തീയതി 18.09.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 41/23-ലൈഫ് ഭവന നിർമ്മാണം എസ്. സി. | 9,60,000/- | 9,60,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 137/23-സമഗ്ര നെൽകൃഷി വികസനം | 4,14,460/- | 4,14,460/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 31/23-അനുപൂരക പോഷകാഹാരം | 1,00,000/- | 1,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 32/23-അനുപൂരക പോഷകാഹാരം എസ് സി പി | 1,00,000/- | 1,00,000/- | 0 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 118/23-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000/- | 2,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 160/23 ഞങ്ങളും കൃഷിയിലേക്ക് | 1,98,000/- | 1,98,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 161/23 പാലിന് സബ്സിഡി | 6,50,000/- | 6,50,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 47/23 ലൈഫ് ഭവന നിർമ്മാണം ജനറൽ | 9,40,000/- | 9,40,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 49/23-ലൈഫ് ഭവന നിർമ്മാണം എസ്.സി. | 60,000/- | 60,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 93/23-ലൈഫ് ഭവന നിർമ്മാണം ജനറൽ | 24,20,000/- | 24,20,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 95/23-ലൈഫ് വസ്തു വാങ്ങൽ ജനറൽ | 4,00,000/- | 4,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | (94) ലൈഫ് ഭവന നിർമ്മാണം എസ്.സി. | 56,60,000/- | 56,60,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 47/23-ലൈഫ് ഭവന നിർമ്മാണം | 2,80,000/- | 2,80,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 31/23-അനുപൂരക പോഷകാഹാരം | 1,30,221/- | 1,30,221/- | 0 |
| ജില്ലാ പഞ്ചായത്ത് | 32/23-അനുപൂരക പോഷകാഹാരം എസ് സി പി | 3,00,000/- | 3,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 93/23-ലൈഫ് ഭവന നിർമ്മാണം ജനറൽ | 9,20,000/- | 9,20,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 94/23-ലൈഫ് ഭവന നിർമ്മാണം എസ് സി പി | 3,08,000/- | 3,08,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 118/23-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000/- | 2,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 161/23-പാലിന് സബ്സിഡി | 1,00,000/- | 1,00,000/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 വായ്പാ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പായിനത്തിൽ 1,64,20,000/- രൂപയാണ് യഥാർത്ഥ വരവ്. എന്നാൽ സംസ്ഥാന വിഹിതമായി തൻവർഷം ലഭിച്ച 30,00,000/-രൂപ കൂടി ഉൾപ്പെടുത്തി RP-31 പത്രികയിൽ KURDFC ലോൺ വരവ് വന്നിട്ടുള്ളത് 1,94,20,000/-രൂപയാണ്.
2018-19 സാമ്പത്തിക വർഷം മുതലാണ് ലൈഫ് ഭവന പദ്ധതിയ്ക്കായി KURDFC ലോൺ വരവ് വന്നിട്ടുള്ളത്. ലോൺ തുക വരവ് ചെയ്യുന്ന എസ്.ബി.ഐ. കണ്ടറ ബ്രാഞ്ച് ബാങ്ക് സ്റ്റേറ്റ്മെന്റിന്റെയും (അക്കൗണ്ട് നം -CA-DBT-GOVT AGENCY A/C-INR) വാർഷിക ധനകാര്യ പത്രികയുടേയും അടിസ്ഥാനത്തിൽ പഞ്ചായത്തിന് നാളിതു വരെ ലഭിച്ച ലോൺ വരവിന്റേയും തിരിച്ചടവിന്റേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് (₹) | ലഭിച്ച തുക-ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | ലഭിച്ച തുക-വാർഷിക ധനകാര്യ പത്രിക-പ്രകാരം (₹) | ആകെ (മുൻബാക്കി+ ബാങ്ക് സ്റ്റേറ്റ് പ്രകാരമുള്ള തൻവർഷ വരവ്-(₹) | തിരിച്ചടവ് (₹) | ഒടുക്കുവാൻ ബാക്കി (₹) |
|---|---|---|---|---|---|---|
| 2018-19 | 0 | 4,21,40,000/- | 4,21,40,000/- | 4,21,40,000/- | 0 | 4,21,40,000/- |
| 2019-20 | 4,21,40,000/- | 24,07,119/- | 25,07,119/- | 4,45,47,119/- | 11,39,706/- | 4,34,07,413/- |
| 2020-21 | 4,34,07,413/- | 0 | 0 | 4,34,07,413/- | 34,24,079/- | 3,99,83,334/- |
| 2021-22 | 3,99,83,334/- | 0 | 0 | 3,99,83,334/- | 31,97,333/- | 3,67,86,001/- |
| 2022-23 | 3,67,86,001/- | 1,64,20,000/- | 1,64,20,000/- | 5,32,06,001/- | 59,87,280/- | 47,21,18,721/- |

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് വർഷം ലഭിച്ച വായ്പയുടേയും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ബാധ്യത | ₹3,68,86,000/- |
| ലോണിനത്തിൽ തൻവർഷത്തെ വരവ് | ₹1,94,20,000/- |
| ആകെ | ₹5,63,06,000/- |
| ഒടുക്കിയ തുക | ₹1,06,87,280/- |
| ഒടുക്കുവാൻ ബാക്കി | ₹4,56,18,720/- |

വായ്പാ വരവിന്റേയും തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുകയുടേയും ആധികാരികത പരിശോധിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 50,354/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2020-21 | 1-26 | 16,285/- | ശ്രീ. വിജയരാജ് ഡി, കരാറുകാരൻ | 1220105298/07-12-2022 |
| 2014-15 | 2-5 | 4,775/- | മാനേജർ, ധന്യ സൂപ്പർമാർക്കറ്റ് | 1220105888/03-01-2023 |
| 2014-15 | 2-5 | 2,400/- | സെക്രട്ടറി, ഗ്രാമോദ്ധാരണ സർവ്വീസ് ബാങ്ക് | 1220105843/30-12-2022 |
| 2014-15 | 2-5 | 4,775/- | ഹെഡ്മാസ്റ്റർ, സെന്റ് ആൻഡ്രൂസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1220105915/04-01-2013 |
| 2014-15 | 2-5 | 4,775/- | മാനേജർ | 1220105991/09-01-2023 |
| 2021-22 | 1-24 | 6,000/- | - | 1220105866/31-12-2022 |
| 2014-15 | 2-5 | 4,775/- | പ്രിൻസിപ്പാൾ, സെന്റ് വിൻസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1220105882/03-01-23 |
| 2018-19 | 3-8 | 6,569/- | ഹെഡ്മിസ്ട്രസ് | 1220100302/20-04-22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-12 | 2012-13 | 3-1-5(12) | ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | ലഭ്യമല്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 10,000/- | ശ്രീ. ബിജുകുമാർ ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | - | 14,580/- | ശ്രീമതി നൗഫിയ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-3 | - | 18,236/- | ശ്രീ. വിജയൻ എം, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-20 | 7,50,000/- | ₹6,75,000/- | ശ്രീ. ബിനു റ്റി, അസിസ്റ്റന്റ് സെക്രട്ടറി |
| | | ₹75,000/- | ശ്രീ. ബിജു കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 25,200/- | ശ്രീമതി. മിനി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | |
| 1-26 | 12,19,306/- | ഡോ. സ്മിത, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | |
| | 2,00,000/- | ഡോ. സൂസൺ ജോൺ കെ., മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | |
| 1-27 | 1,00,000/- | ശ്രീ. വിജയൻ എം, സെക്രട്ടറി | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി നൗഫിയ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | പ്ലാവില വീട്, ചെന്താപ്പൂര്, ഡീസന്റ് ജംഗ്ഷൻ, കൊല്ലം |
| ശ്രീ.ബിജുകുമാർ ആർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | ഇടനാട് വീട്, രാമൻകുളങ്ങര കാവനാട് പി.ഒ. |
| ശ്രീമതി. മിനി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | ഗംഗോത്രി, പാലസ് നഗർ-134 തേവള്ളി പി.ഒ |
| ശ്രീമതി.സൂസൻ ജോൺ.കെ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | കാർണേൽ, പള്ളിമുക്ക്, കുണ്ടറ |
| ശ്രീ വിജയൻ എം, സെക്രട്ടറി | സെക്രട്ടറി, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | മണത്തറ ഹൗസ്, പടപ്പക്കര പി.ഒ. കൊല്ലം. |
| ഡോ. സ്മിത, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | ചെമ്പകശ്ശേരിൽ, മങ്ങാട് പി.ഒ. കൊല്ലം. – 691 015 |
| ശ്രീ. ബിനു റ്റി, | ലഭ്യമല്ല | അനന്തപുരി, അയത്തിൽ, |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | | പട്ടത്താനം പി.ഒ, കൊല്ലം. |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ/കെ.എൽ.എം/പി-1/447(1)/23-03-2018 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം/പി-1/447(2)/23-03-2018 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി-1/447(3)/23-03-2018 |
| 1999-00 | കെ.എസ്.എ/കെ.എൽ.എം/പി-1/447(4)/23-03-2018 |
| 2000-01 | കെ.എസ്.എ/കെ.എൽ.എം/പി-1/447(5)/23-03-2018 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി-1/447(6)/23-03-2018 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി-1/447(7)/23-03-2018 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി-1/447(8)/23-03-2018 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി-1/447(9)/23-03-2018 |
| 2005-06 | എൽ.എഫ്.ക്യൂ.പി4/1360/14(15) തീയതി 23.06.14 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി1/794(1)/19 തീയതി 10.6.19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി1/794(2)/19 തീയതി 10.6.19 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി1/794(3)/19 തീയതി 10.6.19 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി1/794(4)/19 തീയതി 10.6.19 |
| 2010-11 & 2011-12 | കെ.എസ്.എ.കെ.എൽ.എം.പി7/1578/അദാലത്ത് 2010-11 & 2011-12/22 തീയതി 25.8.2022 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.പി7/1578/അദാലത്ത് (2) 2012-13 & 2013-14/22 തീയതി 25.8.2022 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത് (3)/2014-15/1578/22 തീയതി 25.8.2022 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത് (4)/2015-16/1578/22 തീയതി 25.8.2022 |
| 2016-17 | കെ.എസ്.എ-കെഎൽ എം/പി1/ 1955/17 തീ 21-12-2017 |
| 2017-18 | കെ.എസ്.എ-കെഎൽ എം/പി1-224/2019/1.4.2019 |
| 2018-19 | കെ.എസ്എ-കെഎൽ എം/പി1-941/2020/16-11-2020 |
| 2019-20 | കെ.എസ്എ-കെഎൽ എം/പി1/942/2020/16.03.2021 |
| 2020-21 | കെ.എസ്എ-കെഎൽ എം/പി7/1331/22 – 16.03.2021 |
| 2021-22 | കെ.എസ്എ-കെഎൽ എം/പി7/45/23 – 05-04-2023 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 28-06-2023 and submitted on 28-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Elampalloor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Elampalloor Grama Panchayat for the year 2022-2023

Date: 26/10/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Elampalloor Grama Panchayat for the Year 2022-2023.

**1.Major Observations**

1. KURDFC Actual liability does not match with B-5 Schedule in Balance Sheet as on 31-03-2023.
2. An amount of Rs. 13,271/-accounted in the opening and closing balance which is not the real asset/liability of the institutution is inflating the Closing balance.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit :-
   Ratios.
2. Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Monthly Bank Reconciliation statement not prepared.

4. Cheques uncashed for more than 3 months were not transferred to stale cheque account.

5. Demand Register does not match with financial statements.

6. Expenditures as per the Financial Statement does not match with Appropriation control Register and Sulekha Expenditure Statement.

7. Advance Register, Deposit Register, Loan Register, Investment Register and Asset Registers are not maintained.

8. Details not furnished for the verification of various receipts.

9. All Tax And Non Tax demand Registers are not periodically reconcilled with Accounts.

10. Actual receipts wih respect of Health Grant does not match with AFS-RP-30 Schedule.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## അനുബന്ധം-3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്